നം.കെഎസ്എ.കെടിഎം.പി.11/190/2019 തീയതി 15.02.2019

# കോട്ടയം ജില്ലയിലെ മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-04-2017മുതൽ 31-03-2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 23എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 24.01.2019-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ഷൈജു എസ്.,ഡെപ്യൂട്ടി ഡയറക്ടർ. | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.01.2019 മുതൽ 25.01.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. പ്രസാദ് പി. ജി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സജി പി.ആർ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഷാന്റി ജോർജ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി കൊച്ചുമോൾ എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ബാബുരാജ് കെ.ബി. | ഓഡിറ്റർ (ഹ.ഗ്രേ) |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡൻറ് | ശ്രീ.കെ.എസ്.രാജു. | 1.04.2017 മുതൽ 31.03.2018 വരെ. |
| സെക്രട്ടറി | ശ്രീമതി.ഗിരിജാകുമാരി അയ്യപ്പൻ | 1.04.2017 മുതൽ 31.03.2018 വരെ |

സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ

| സ്റ്റാന്റിംഗ് കമ്മിറ്റി | പേര് | കാലയളവ് |
|---|---|---|
| ധനകാര്യം | നസീമ ഹാരിസ് | 1.04.2017 മുതൽ 31.03.2018 വരെ |
| വികസനകാര്യം | ജിജി നിക്കോളാസ് | 1.04.2017 മുതൽ 31.03.2018 വരെ |
| ആരോഗ്യം-വിദ്യാഭ്യാസം | ബി.ജയചന്ദ്രൻ | 1.04.2017 മുതൽ 31.03.2018 വരെ |
| ക്ഷേമകാര്യം | മഞ്ജു മന | 1.04.2017 മുതൽ 31.03.2018 വരെ |

മറ്റ്

നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.സജു.പി.കുര്യാക്കോസ് | 01.04.2017 മുതൽ 02.07.2017 വരെ |
| | ശ്രീമതി യമുനാ ജോസ് (അഡീഷണൽ ചാർജ്ജ്) | 03.07.2017മുതൽ 25.10.2017 വരെ |
| | ശ്രീമതി റിയ ആന്റണി | 26.10.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ.നെൽസൺ.എം.മാത്യൂ | 01.04.2017മുതൽ 31.03.2018 വരെ |
| വി.ഇ.ഒ | അജേഷ്.വി. | 01.04.2017മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി,പറത്താനം. | ഡോ. ജയചന്ദ്രൻ | 01.04.2017മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ,ആയുർവേദം | ഡോ.ഫക്രുദീൻ.എ. | 01.04.2017മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.പദ്മിനിയമ്മ റ്റി.ആർ. | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എൻജിനീയർ<br>എൽ.എസ്.ജി.ഡി | ശ്രീ.അനിൽ ഡി.ജെ. | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി സൂസൻ ജോസഫ് | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി. | ശ്രീ.മുഹമ്മദ് റഫീബ്.റ്റി.എസ്.<br>നിസ്സി ജോൺ സി.വൈ.<br>പി.ആർ.രമേശ്.<br>വി.കെ.ഷാജികുമാർ. | 01.04.2017മുതൽ 07.07.2017 വരെ.<br>03.08.2017മുതൽ 31.10.2017 വരെ.<br>06.12.2017 മുതൽ18.02.2018 വരെ.<br>19.02.2018 മുതൽ31.03.2018 വരെ. |
| ഹെഡ് മാസ്റ്റർ | ശ്രീ.സജികുമാർ എം.എ. | 01.04.2017 മുതൽ 31.03.2018 വരെ. |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1 പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം(റസീപ്റ്റ്&പെയ്മെന്റ് പ്രകാരം) |
| 1-5 | ഫണ്ട് വിനിയോഗം (ACR പ്രകാരം) |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പുപദ്ധതി |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷികകണക്കുകളുടെ അവലോകനം |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | നികുതി-നികുതിയേതര ഇനങ്ങളിൽ ഭീമമായ തുക നിൽക്കുന്ന |

| | |
|---|---|
| 2-2 | വസ്തുനികുതി നിർണ്ണയം – അപാകതകൾ |
| 2-3 | സ്ഥാപനതൊഴിൽ നികുതി ഒടുക്കിയിട്ടില്ല |
| 2-4 | തൊഴിൽനികുതി-സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി ഒടുക്കാത്തത് |
| 2-5 | വിമുക്തഭടന്മാരായ ജീവനക്കാർ തൊഴിൽനികുതി ഒടുക്കിയില്ല |
| 2-6 | വാടക ഒടുക്കിയിട്ടില്ല |
| 2-7 | കെട്ടിടനിർമ്മാണാനുമതി-രേഖകളുടെ സൂക്ഷിപ്പിൽ പോരായ്മകൾ |
| 2-8 | പെർമിറ്റ് ഫീസ് കുറഞ്ഞ നിരക്കിൽ ഈടാക്കി |
| 2-9 | ലേലം – കരാറുകാർ ലേലതുക ഒടുക്കിയിട്ടില്ല |
| 2-10 | ഡി & ഒ ട്രേഡ് ലൈസൻസ് – അപാകതകൾ |
| 2-11 | ഇ-ടെൻഡർ ഫീസ് ലഭ്യമാക്കിയിട്ടില്ല |
| ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | അവധിയിലായിരുന്ന കാലയളവിലും ഹോണറേറിയം കൈപ്പറ്റി – തുക തിരികെ ഈടാക്കണം |
| 3-2 | തെരുവ് വിളക്ക് വൈദ്യുതി ചാർജ് ഒടുക്കൽ-മീറ്റർ ഘടിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല |
| 3-3 | വെള്ളക്കരം സംയുക്ത പരിശോധന നടത്താതെ തുക ഒടുക്കുന്നു |
| 3-4 | കുഴൽക്കിണർ നിർമ്മാണം – ബാലൻസ് തിരികെ വാങ്ങാൻ നടപടി സ്വീകരിച്ചിട്ടില്ല |
| 3-5 | മീനച്ചിൽ റബ്ബർവുഡിൽ നിന്നും ഫർണിച്ചർ വാങ്ങൽ – അപാകതകൾ |
| 3-6 | പട്ടികജാതി പ്രൊഫഷണൽ ബിരുദ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം-അപാകതകൾ |
| 3-7 | റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ബാരൽവില ഈടാക്കിയിട്ടില്ല |
| 3-8 | ക്യാരിബാഗ് നിർമ്മാണ യൂണിറ്റിന് ധനസഹായം-അപാകതകൾ |
| 3-9 | മുരിക്കുംവയൽ ജി.എൽ.പി.എസ്. അറ്റകുറ്റപ്പണി-പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല-മറ്റ് അപാകതകൾ |
| 3-10 | കണ്ടൻപാറഭാഗം ഫുട്പാത്ത് നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല-അധികചെലവ് നിരാകരിക്കുന്നു |
| 3-11 | കരിനിലം അങ്കണവാടി മെയിന്റനൻസ്-എസ്റ്റിമേറ്റിലും അധിക അളവിൽ പ്രവൃത്തി ചെയ്തു |
| 3-12 | വേലനിലം കുടിവെള്ള പദ്ധതി – 2, 21 വാർഡുകളിലേയ്ക്ക് പൈപ്പ് ലൈൻ നീട്ടൽ – പദ്ധതി പൂർത്തിയാക്കിയിട്ടില്ല |
| 3-13 | കാലിവീപ്പയുടെ വില ഈടാക്കിയത് സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടില്ല |
| 3-14 | ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹിച്ച പ്രോജക്ടുകൾ-ഫയലുകൾ ഹാജരാക്കിയിട്ടില്ല |
| 3-15 | പൂർത്തിയാകാത്ത വീടുകൾക്കുള്ള ധനസഹായം (എസ്.സി.പി)-ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 3-16 | ആശ്രയ അക്കൗണ്ടിൽ ഗണ്യമായ തുക ബാക്കിനിൽക്കുന്നത് |
| 3-17 | ഗവ.ആയുർവേദ ഡിസ്പെൻസറി-എച്ച്.എം.സി.-വരവുചെലവു കണക്കുകളുടെ ഓഡിറ്റ് |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |

| | |
|---|---|
| 4-1 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ് / സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം 2 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് |
| അനുബന്ധം 4 | ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ |


# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2017 -18 വർഷത്തെ പുതുക്കിയ ബജറ്റ് 09-02-2018 തിയതിയിലെ 3(2)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 44514280 | 41017674 |
| വരവ് | 265190000 | 118160126 |
| ആകെ | 309704280 | 159177800 |
| ചെലവ് | 287270002 | 132634477 |
| നീക്കിയിരിപ്പ് | 22434278 | 26543323 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത തുകകളും യഥാർത്ഥ തുകകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നതിൽ നിന്ന് പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചല്ല ബജറ്റ് തയാറാക്കിയതെന്ന് വ്യക്തമാകുന്നു.സെക്രട്ടറിയുടെ ചുമതലയിലുള്ള നോൺപ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല. കൂടാതെ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദേശങ്ങൾ തയ്യാറാക്കി സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചതിന്റെ വിവരങ്ങളുമില്ല. അംഗീകാരം ലഭിച്ച വാർഷികപദ്ധതിയുടെ അടിസ്ഥാനത്തിൽ ബജറ്റ് പുതുക്കുകയുണ്ടായെങ്കിലും ബജറ്റ് തയാറാക്കി അംഗീകാരം വാങ്ങുന്നതിൽ നിയതമായ നടപടിക്രമം സ്റ്റാന്റിംഗ് കമ്മിറ്റികളും ജനറൽകമ്മിറ്റിയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരും പാലിച്ചിട്ടില്ലയെന്ന് വ്യക്തമാകുന്നു. ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

കൂടാതെ സ്ഥാപനത്തിന്റെ വരുമാനം വർധിപ്പിക്കാനുതകും വിധം പുതിയ നികുതി നിർദേശങ്ങളോ, നിലവിലെ നികുതി ഘടനയിൽ മാറ്റങ്ങളോ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നിർദേശിക്കുകയോ ചർച്ച ചെയ്യുകയോ ഉണ്ടായില്ല. ബജറ്റിൽ നിർദേശിക്കാത്ത ഇനം സംബന്ധിച്ചും, നിർദേശിച്ചതിൽ അധികരിച്ചചെലവ് സംബന്ധിച്ചും

പരിശോധിക്കുന്നതിന് ബജറ്റും, അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ സാംഖ്യയും തമ്മിൽ സംയോജിപ്പിച്ചിട്ടില്ലാത്തതിനാൽ സാധിക്കുന്നില്ല.

സ്റ്റാന്റിംഗ്കമ്മിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുമായി മെച്ചപ്പെട്ട ഏകോപനം ഉണ്ടാക്കുകയും ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിൽ ശാസ്ത്രീയതയും യാഥാർത്ഥ്യവും ഉറപ്പാക്കാവുന്നതാണ്. സാംഖ്യയും ബജറ്റും തമ്മിലുള്ള സംയോജനം സാദ്ധ്യമാക്കി ബജറ്റിലില്ലാത്തതും അധികരിച്ചതുമായ ചെലവുകൾ ഒഴിവാക്കാവുന്നതുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

വാർഷിക ധനകാര്യപത്രിക ഓഡിറ്റിനായി 08-06-2018ൽ ലഭ്യമാക്കിയിട്ടുണ്ട്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2017-2018 | 20/05/2018-21.5.18 |

പരിശോധനയുടെ അടിസ്ഥാനത്തിൽ 27-6-18 ലെ കെ.എസ്.എ.കെ.ടി.എം .പി.11/199/18 നമ്പരായി വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം നല്കിയിട്ടുണ്ട്.

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം ( റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് പ്രകാരം )

സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക കണക്കുകളിലെ റസീപ്റ്റ് & പെയ്മെന്റ് പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 41017674 |
| വരവ് | 118160126 |
| ആകെ | 159177800 |
| ചെലവ് | 132634477 |
| നീക്കിയിരിപ്പ് | 26543323 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 25795000 | 25795000 | 17541122 | 8253878 |
| വികസനഫണ്ട് എസ്.സി.പി. | 0 | 16346180 | 16346180 | 11882715 | 4463465 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 9660074 | 9660074 | 8450240 | 1209834 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 10610000 | 10610000 | 9763120 | 846880 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5458000 | 5458000 | 4435611 | 1022389 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 12114078 | 12114078 | 11558936 | 555142 |
| കെ.എൽ.എസ്.ജി.ഡി.പി | 0 | 3093318 | 3093318 | 2424574 | 668744 |
| MGNREGS | 19362 | 475412 | 494774 | 493250 | 1524 |
| ബി ഫണ്ട് | 0 | 51579600 | 51579600 | 51579600 | 0 |
| എസ്.സി.ബി ലിറ്ററസി | 136478 | 5359 | 141837 | 0 | 141837 |
| ട്രഷറി റ്റി.എസ്.ബി ജോയിന്റ് വെഞ്ചർ | 78572 | 3992857 | 4071429 | 4051695 | 19374 |
| തനത് ഫണ്ട്(റ്റി.എസ്.ബി, ജില്ലാകോപ്പറേറ്റീവ്ബാങ്ക്,എസ്.ബി.റ്റി, സർവീസ് കോപ്പറേറ്റീവ്ബാങ്ക് അക്കൗണ്ടുകൾ) | 27024783 | 35732425 | 62757208 | 19719672 | 43037536 |

| | | | | | |
|---|---|---|---|---|---|
| കാഷ്(തനതുഫണ്ട്) | 233028 | 211207 | 444235 | 233028 | 211207 |

## 1-6 പദ്ധതി അവലോകനം.

13-ാം പഞ്ചവത്സര പദ്ധതിയുടെ (2017-18 മുതൽ 2021-22) ആദ്യവാർഷികപദ്ധതിയാണ് 2017-18 ലേത്. പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യമായി സർക്കാർ നിശ്ചയിച്ചിട്ടുള്ളത് പദ്ധതി കാലയളവിനുള്ളിൽ കേരളത്തെ സാമ്പത്തികവളർച്ചയുടെ ഉയർന്ന തലത്തിലേക്ക് എത്തിക്കുക, സാമൂഹ്യനീതി, പരിസ്ഥിതിസുരക്ഷ എന്നിവയുടെ ഉത്തമ മാതൃകയായി മാറ്റുക എന്നിവയാണ്. ടി ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി 13-ാം പദ്ധതിയിലെ ആദ്യവാർഷികപദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ തദ്ദേശ സ്വയംഭരണവകുപ്പിന്റെ 9-1-2017ലെ സർക്കാർ ഉത്തരവ്(എം.എസ്)10/2017 ആയി പുറപ്പെടുവിക്കുകയുണ്ടായി. പദ്ധതി ആസൂത്രണ ഘട്ടങ്ങളും നടപടിക്രമങ്ങളും പ്രസ്തുത ഉത്തരവിൽ വിശദമായി പ്രതിപാദിച്ചിരുന്നു.

ടി ഉത്തരവിലെ നിർദ്ദേശ പ്രകാരം പദ്ധതി ആസൂത്രണത്തിലെ ആദ്യനടപടിയായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനഃസംഘടിപ്പിക്കുകയും 31/1/2017 ൽ 12 വർക്കിംഗ് ഗ്രൂപ്പുകളുടെയും യോഗങ്ങൾ ചേരുകയും ചെയ്തു. അവസ്ഥാരേഖ (സ്റ്റാറ്റസ് റിപ്പോർട്ട് )പരിഷ്കരിക്കുകയും ചെയ്തിട്ടുണ്ട് . കരട് പ്രോജക്ടുകൾ 18/4/2017 മുതൽ 24/4/17വരെയുള്ള കാലയളവിൽ നടന്ന പദ്ധതി ആസൂത്രണ ഗ്രാമസഭ/ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുകയും അവയുടെ അംഗീകാരത്തോടെ 5/5/17 ലെ വികസനസെമിനാറിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തു. 10/5/17 ലെ 1-ാം നമ്പർ തീരുമാന പ്രകാരം വാർഷിക പദ്ധതിക്ക് ഭരണസമിതി അംഗീകാരം നല്കി. വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭ/ഊരുകൂട്ടയോഗങ്ങൾ 7/17, 11/17 മാസങ്ങളിലായി നടക്കുകയുണ്ടായി. ജില്ലാ ആസൂത്രണ സമിതിയുടെ 15-5-2018 ലെ 490/17/DPC/DPO/KTM ഉത്തരവിലൂടെ വാർഷിക പദ്ധതി അംഗീകരിച്ചു.

പദ്ധതി ആസൂത്രണത്തിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ചുമതലകൾ 13-ാം പഞ്ചവത്സരപദ്ധതിയിലെ ആദ്യ വാർഷികപദ്ധതി തയ്യാറാക്കൽ മാർഗനിർദ്ദേശങ്ങൾ സംബന്ധിച്ച തദ്ദേശസ്വയംഭരണവകുപ്പിന്റെ 29-3-17ലെ 72/2017 നമ്പർ ഉത്തരവിന്റെ അനുബന്ധം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ചുമതലകൾ നിർവഹിച്ചതിന്റെ വിശദാംശങ്ങളൊന്നും തന്നെ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മിനിറ്റ്സ്ബുക്കുകളിലോ , പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട മറ്റ് രജിസ്റ്ററുകളിലോ ഉൾപ്പടുത്തിയിട്ടില്ല. പദ്ധതി ആസൂത്രണ നിർവ്വഹണ നടപടികളിൽ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കാര്യക്ഷമമായ ഇടപെടലുകൾ ഉറപ്പാക്കേണ്ടതാണ്.

വാർഷികപദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 374 | 136027118 | 250 | 76068613 | | 124 | 67 |

അംഗീകാരം ലഭിച്ച 374 പ്രോജക്ടുകളിൽ 124 എണ്ണവും നടപ്പാക്കിയില്ലയെന്നത് പദ്ധതിനിർവ്വഹണത്തിലെ സ്ഥാപനത്തിന്റെ ശ്രദ്ധക്കുറവില്ലായ്മയുടെ തെളിവാണ്. വാർഡടിസ്ഥാനത്തിൽ തുക വീതംവച്ച് നിരവധി പ്രോജക്ടുകളാണ് തയാറാക്കിയത്. അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണഉദ്യോഗസ്ഥനായ 247 പ്രോജക്ടുകളിൽ 149 എണ്ണം മാത്രമാണ് നടപ്പാക്കിയത്. 98പ്രോജക്ടുകൾ നടപ്പാക്കിയില്ല. അംഗീകാരം ലഭിച്ച 28 പ്രോജക്ടുകൾ 50000 രൂപയിൽ താഴെ മാത്രം അടങ്കലുള്ളതാണ്. ദീർഘവീക്ഷണമോ മതിയായ ഉൾക്കാഴ്ചയോ പ്രോജക്ടുകളുടെ രൂപീകരണത്തിലുണ്ടായില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | ആകെ പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | പ്രോജക്ടുകളുടെ വകയിരുത്തൽ | പ്രോജക്ടുകളുടെ ചെലവ് | ചുമതലപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫിസർ | 13 | 11 | 5895000 | 1323138 | വികസനകാര്യം. |

| | | | | | | |
|---|---|---|---|---|---|---|
| 2 | വെറ്ററിനറി സർജൻ | 11 | 10 | 5795700 | 3329200 | വികസനകാര്യം |
| 3 | മെഡി.ഓഫീസർ, പി.എച്ച്.സി | 4 | 4 | 2255000 | 1817731 | ആരോഗ്യ- വിദ്യാഭ്യാസം |
| 4 | മെഡി.ഓഫീസർ, ആയുർവേദം. | 1 | 1 | 600000 | 600000 | വികസനകാര്യം |
| 5 | വി.ഇ.ഒ. | 19 | 17 | 24602325 | 15417625 | വികസനകാര്യം, ക്ഷേമകാര്യം. |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 4 | 7050415 | 5930523 | ക്ഷേമകാര്യം. |
| 7 | ഡയറി ഫാം ഇൻസ്പെക്ടർ | 1 | 1 | 900000 | 900000 | വികസനകാര്യം. |
| 8 | സെക്രട്ടറി | 42 | 32 | 12838135 | 8803572 | വികസനകാര്യം, ധനകാര്യം, ആരോഗ്യ- വിദ്യാഭ്യാസം, ക്ഷേമകാര്യം |
| 9 | അസി.എൻജിനീയർ | 247 | 149 | 63349693 | 30269487 | വികസനകാര്യം |
| 10 | അസി.സെക്രട്ടറി | 25 | 18 | 11815850 | 6674457 | ക്ഷേമകാര്യം |
| 11 | എച്ച് .എം | 4 | 3 | 925000 | 802880 | ആരോഗ്യ വിദ്യാഭ്യാസം. |
| ആകെ | | 374 | 250 | 136027118 | 76068613 | |

വാർഷികപദ്ധതി കാലയളവിൽ പഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കറ്റ് ലഭ്യമായത് എടുത്തുപറയത്തക്കനേട്ടമാണ്. ആറ്റിലേക്ക് മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനായി കോസ് വേ പാലത്തിന് മാലിന്യനിർമാർജ്ജന ഇനത്തിൽപെടുത്തി വേലി നിർമിച്ചത് പുതുമയുള്ള പ്രോജക്ടായി. മാലിന്യ സംസ്കരണത്തിനായി എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിക്കുന്നതിന് 50 ലക്ഷം രൂപയുടെ പ്രോജക്ട് തയ്യാറാക്കിയിരുന്നുവെങ്കിലും നടപ്പിലാക്കുകയുണ്ടായില്ല. കൂടാതെ വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകളുടെ മോണിട്ടറിംഗ് നടത്തി റിപ്പോർട്ട് നല്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും പ്രോജക്ടുകളുടെ മോണിട്ടറിംഗ് നടന്നിട്ടുള്ളതിന്റെ രേഖകളൊന്നും ലഭ്യമല്ല. പ്രോജക്ടുകളുടെ മോണിട്ടറിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

എന്നിരിക്കിലും നടപ്പിലാക്കിയ പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തികവളർച്ച , സാമൂഹ്യനീതിവ്യവസ്ഥ തുടങ്ങിയവയ്ക്ക് ഒരുപരിധിവരെ ഉത്തേജനമായിട്ടുണ്ട്.

ദീർഘവീക്ഷണത്തോടെ, പഞ്ചായത്തിന്റെ സമഗ്രപുരോഗതിയെ ലക്ഷ്യമാക്കി പ്രായോഗികസമീപനത്തോടെ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും സമയബന്ധിതമായി നടപ്പാക്കുന്നതിനും വാർഷിക പദ്ധതികൾ

പ്രയോജനപ്പെടുത്തേണ്ടതാണ്.

## 1-7 തൊഴിലുറപ്പുപദ്ധതി

ഗ്രാമീണതൊഴിലുറപ്പു പദ്ധതിയുടെ 2017-18 വർഷത്തെ കണക്കുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 19362 | 768912 | 788274 | 786750 | 1524 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത്. | | 16859186 | 16859186 | 16859186 | |
| ആകെ | 19362 | 17628098 | 17647460 | 17645936 | 1524 |

ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം ആകെ ആവിഷ്കരിച്ച 146 പ്രോജക്ടുകളിൽ 83 എണ്ണത്തിന് ടി.എസ് ലഭിക്കുകയും 83 എണ്ണവും പൂർത്തീകരിക്കുകയും ചെയ്തു. 55324 തൊഴിൽദിനങ്ങളാണ് ആകെ സൃഷ്ടിക്കപ്പെട്ടത്.

ഇടക്കയ്യാലനിർമാണം, മഴക്കുഴി നിർമാണം, തോട് ആഴം കൂട്ടൽ, വൃക്ഷത്തൈ നടീൽ, തീറ്റപ്പുൽ കൃഷി തുടങ്ങിയവയാണ് ഏറ്റെടുത്ത പ്രധാന പ്രവൃത്തികൾ.

തോട് ആഴം കൂട്ടൽ പ്രവൃത്തിയിൽ തോടിന്റെ തുടക്കം മുതൽ അവസാനം വരെ വൃത്തിയാക്കുന്നതിന് പകരം ഭാഗികമായി മാത്രം ചെയ്യുന്നതിനാൽ മതിയായ പ്രയോജനം പ്രവൃത്തിയിൽ നിന്ന് ഉണ്ടാകുന്നില്ല. ആകയാൽ തോടിന്റെ ഉത്ഭവം മുതൽ പ്രധാന നദിയുമായി യോജിക്കുന്നിടം വരെയുള്ള പ്രവൃത്തികൾ ഒരേ സമയം പൂർത്തിയാക്കുന്നതിനുള്ള പ്രോജക്ട് ഏറ്റെടുക്കുന്നതാണ് അനുയോജ്യം.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 55 | 31800 |
| കർഷകതൊഴിലാളി പെൻഷൻ | 148 | 1692300 |
| വിധവാപെൻഷൻ | 1194 | 13764500 |
| വാർദ്ധക്യകാലപെൻഷൻ | 2479 | 30934100 |
| വികലാംഗപെൻഷൻ | 461 | 4381700 |
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 55 | 605200 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം. | 4 | 120000 |
| മിശ്രവിവാഹ ധനസഹായം | 1 | 50000 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-01-2019 തീയതി 3.45പി.എം.-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 22070/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

തൃപ്തികരമായ ആഭ്യന്തരനിയന്ത്രണം നിലനിൽക്കുന്ന തദ്ദേശസ്ഥാപനങ്ങളിൽ ധനകാര്യ പത്രികകളുടെ കൃത്യത, പൂർണത, ഇടപാടുകളുടെ നിയമസാധുത, മിതവ്യയത്വം, കാര്യക്ഷമത, ഫലപ്രാപ്തി എന്നിവ ഉറപ്പാക്കാൻ സാധിക്കുന്നു എന്നതാണ് സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ആഭ്യന്തരനിയന്ത്രണത്തിന്റെ പ്രസക്തി.

ഓഡിറ്റ് മാന്വൽ ഭാഗം 1 അനുബന്ധം ബി യിലെ ചോദ്യാവലി അടിസ്ഥാനമാക്കി മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പഠനവിധേയമാക്കി. മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണ സംവിധാനത്തിന്റെ ആവശ്യകതയെപ്പറ്റിയും, അത് കാര്യക്ഷമമായി നിലനിർത്തേണ്ട ഉത്തരവാദിത്വത്തെപ്പറ്റിയും

ഭരണസമിതിക്ക് ബോദ്ധ്യമുള്ളതായി വിവരശേഖരണത്തിൽ വ്യക്തമാകുന്നു. ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ച് ഓഫീസ് മേധാവി ജീവനക്കാർക്ക് ജോലികൾ കൃത്യമായി വിഭജിച്ച് നല്കിയിട്ടുള്ളത് ആഭ്യന്തരനിയന്ത്രണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമാണ്.

വൗച്ചറുകളും അനുബന്ധരജിസ്റ്ററുകളും രേഖകളും സാമാന്യം നന്നായി സൂക്ഷിച്ചിട്ടുണ്ട്. നിർവഹണഉദ്യോഗസ്ഥരുടെ ഫയൽസൂക്ഷിപ്പും വളരെ മെച്ചമാണ്. എന്നാൽ എല്ലാ ചെലവ് വൗച്ചറുകളും പ്രസിഡന്റ് ഒപ്പുവച്ചിട്ടില്ലാത്തതിനാൽ മതിയായ ചെലവനുവാദം ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാനാവുന്നില്ല. പ്രസിഡന്റിന്റെ അനുമതി എല്ലാ വൗച്ചറുകളിലും രേഖപ്പെടുത്തേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റികളുടേതുൾപ്പെടെ പല കമ്മിറ്റിതീരുമാനങ്ങളും സമയബന്ധിതമായി പൂർത്തിയാക്കുന്നതിലും വീഴ്ച വരുത്തിയിട്ടുണ്ട്. ഐ.സി.ഡി.എസ്.സൂപ്പർവൈസർ നടപ്പാക്കിയ പ്രോജക്ടുകളുടെ ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇത് ഗുരുതരമായ കൃത്യവിലോപമാണ്. ഇക്കാര്യം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

അക്കൗണ്ടിംഗുമായി ബന്ധപ്പെട്ട് സർക്കാർ നിർദേശിച്ച പ്രകാരമുള്ള അക്കൗണ്ടിംഗ് സമ്പ്രദായം താരതമ്യേന മെച്ചപ്പെട്ട നിലയിൽ നടപ്പിൽവരുത്തിയിട്ടുണ്ട്. കാഷും,ബാങ്കുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ കൃത്യമായി പാലിച്ചുവരുന്നുണ്ട്. ഒരേ വ്യക്തികൾ തന്നെ പണം സ്വീകരിക്കുക, ബാങ്ക് അക്കൗണ്ടിൽ ഡെപ്പോസിറ്റ് ചെയ്യുക, കണക്കുകളിൽ ഉൾപ്പെടുത്തുക എന്നീ പ്രക്രിയകൾ കൈകാര്യം ചെയ്യുന്നത് സാമ്പത്തിക ക്രമക്കേടുകൾക്ക് ഇടയാക്കാൻ സാധ്യതയുള്ളതിനാൽ ഈ പ്രവൃത്തികൾ വ്യത്യസ്ത ഓഫീസ് സെക്ഷനുകളുടെ ചുമതലയിലാക്കിയിട്ടുണ്ട്. എല്ലാ ചെലവുകൾക്കും വൗച്ചറുകൾ സൂക്ഷിച്ചിട്ടുണ്ട്.

നികുതികളിലെ ദീർഘകാല കുടിശ്ശികകൾ ഈടാക്കാനുള്ള നടപടികൾ ഫലപ്രാപ്തിയിലെത്തുന്നില്ല. വസ്തുനികുതിയിനത്തിലെ ഭീമമായ കുടിശ്ശിക നടപടികളിലെ ഫലപ്രാപ്തിയില്ലായ്മയെ കാണിക്കുന്നു. വാർഷികകണക്കുകൾ പ്രകാരം തൊഴിൽനികുതി, വാടക, ഡി&ഒ ലൈസൻസ് ഇനങ്ങളിലും കുടിശ്ശികകൾ നിലനിൽക്കുന്നതായി കാണുന്നു. നിരവധി സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നതിൽ നിന്ന് ഒഴിവായതിലൂടെ ലൈസൻസ് ഫീസ്, തൊഴിൽനികുതി ഇനങ്ങളിലായി വരുമാനനഷ്ടം ഉണ്ടായിട്ടുള്ളതായി രേഖകളിൽ നിന്ന് വ്യക്തമാകുന്നു.

മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച എം.ബുക്കും ഫയലുകളും ശരിയായി സൂക്ഷിക്കുന്നുവെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല.

ജീവനക്കാരുടെ ശമ്പളമുൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കി വരുന്നു. സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിലാണ് ശമ്പളം നിർണ്ണയിച്ച് വിതരണം ചെയ്യുന്നത്. ഇത് സംബന്ധിച്ച രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്.

ആസ്തിവിവരങ്ങൾ അക്കൗണ്ടിന്റെ ഓപ്പണിംഗ് ബാലൻസിൽ ഉൾപ്പെടുത്തിയപ്പോൾ തരംതിരിവുകൾ കൃത്യമായി നടത്തിയിരുന്നില്ല. ഇപ്പോൾ ആസ്തികൾ കൃത്യമായി തരംതിരച്ച് അക്കൗണ്ടിംഗ് സമ്പ്രദായമായ സാംഖ്യയിൽ ഉൾപ്പെടുത്തിവരുന്നു.

പൊതുവെ മെച്ചപ്പെട്ട ആഭ്യന്തരനിയന്ത്രണം നിലനിൽക്കുന്നുവെങ്കിലും ഇനിയും വളരെയധികം മെച്ചപ്പെടേണ്ടതുണ്ടെന്നാണ് ഇതുസംബന്ധിച്ച വിലയിരുത്തലിൽ നിന്ന് വ്യക്തമാകുന്നത്. കൂടാതെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ ഇത് സാധൂകരിക്കുകയും ചെയ്യുന്നു. ആഭ്യന്തരനിയന്ത്രണ സംവിധാനം മതിയായ കാര്യക്ഷമത കൈവരിക്കുന്നതിന് ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടെയും ഏകോപിത ശ്രമം ഉണ്ടാകേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.05.18 | 3/2018 | ലഭിച്ചില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 8/9/2017 മുതൽ 22/9/17 വരെ. | 2012-13 മുതൽ 2016-17 വരെ. | LBA (HQ) I I/8A-2684/ 17-18/ 242 dt.01.11.17. |

## 1-12 വാർഷിക കണക്കുകളുടെ അവലോകനം

മുണ്ടക്കയം ഗ്രാമ പഞ്ചായത്തിന്റെ 2017-18 വാർഷിക കണക്കുകൾ പരിശോധിച്ച് കെ.എസ്.എ.കെ.ടി.എം.

പി.11/1199/2018/27.06.2018 പ്രകാരം വിശേഷണങ്ങളോടുകൂടിയ സാക്ഷ്യപത്രം നൽകിയിരുന്നു. ഇതിൽ ഓഡിറ്റ് തീയതിവരെ പരിഹരിക്കാത്ത വിശേഷണങ്ങൾ താഴെ ചേർക്കുന്നു.

1) വാർഷിക കണക്ക് പ്രകാരം വസ്തുനികുതി ഇനത്തിലുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് തുകകളുമായി പൊരുത്തപ്പെടുന്നില്ല. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡിമാന്റ്, സാംഖ്യ പ്രകാരമുള്ള കളക്ഷൻ എന്നിവയാണ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 58(4)എച്ച് പ്രകാരം തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.

3) ആസ്തികൾക്ക് ഡിപ്രീസ്യേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അക്കൗണ്ട് ചട്ടങ്ങൾ പ്രകാരമുള്ള നിരക്കിലാണോ എന്ന് വർക്ക് ഷീറ്റിന്റെ അഭാവത്തിൽ വ്യക്തമല്ല.

4) ഭൂമി ഉൾപ്പടെയുള്ള ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

5) ഇ-ബിൽ നടപ്പിലാക്കിയതിന് ശേഷം സർക്കാർ ധനസഹായങ്ങൾ I-6 ഷെഡ്യൂളിൽ വരവ് എടുക്കുകയും മൂലധനച്ചെലവുകൾ അഡ്ജസ്റ്റ്മെന്റ് വൗച്ചർ വഴി ക്യാപ്പിറ്റൽ ചെലവായി മാറ്റുകയുമാണ് ചെയ്യുന്നത്. കൃത്യമായ വർക്ക് ഷീറ്റ് തയ്യാറാക്കി മൂലധനച്ചെലവുകൾ മാറ്റാത്തതുമൂലം റവന്യൂ-ക്യാപ്പിറ്റൽ ചെലവുകളുടെ വേർതിരിവിന്റെ കൃത്യത ഉറപ്പാക്കുന്നതിന് കഴിയുന്നില്ല.

<u>വിശദമായ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു</u>.

1) കാലി വീപ്പയുടെ വില ജി.എസ്.റ്റി. എന്നീ ഇനത്തിൽ ആകെ തൻവർഷം വരവുള്ള 58500 രൂപ ബാധ്യതാ ശീർഷകത്തിനുപകരം റവന്യൂ ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്.

2) ബാലൻസ്ഷീറ്റ് B12 ഷെഡ്യൂളിൽ സ്ഥിരനിക്ഷേപങ്ങളുടെ മൂല്യമായി കാണിച്ചിട്ടുള്ളത് 1,98,13,187/- രൂപയാണ്. ആയത് കൃത്യമല്ല. യഥാർത്ഥ മൂല്യം 1,95,23,722/- രൂപയാണ്. (ഖണ്ഡിക 4-5 കാണുക).

## ഭാഗം-2

## <u>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

### 2-1 <u>നികുതി/നികുതിയേതര ഇനങ്ങളിൽ ഭീമമായ തുക കുടിശ്ശിക നിൽക്കുന്നു</u>

വാർഷിക ധനകാര്യപത്രിക പ്രകാരം ഗ്രാമപഞ്ചായത്തിന്റെ നികുതി/നികുതിയേതര ഇനങ്ങളിലായി ഭീമമായ കുടിശ്ശിക നിലനിൽക്കുന്നതായി കാണുന്നു. നികുതി പിരിവിന്റെ കാര്യക്ഷമതയില്ലായ്മയെയാണ് ഇത് സൂചിപ്പിക്കുന്നത്. ബാലൻസ് ഷീറ്റ് പ്രകാരം 31-3-2018 ൽ വിവിധ ഇനങ്ങളിൽ നിൽക്കുന്ന കുടിശ്ശിക ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| വസ്തുനികുതി(വാസഗൃഹം) | 1910182 |
| വസ്തുനികുതി (വാണിജ്യം) | 1008010 |
| തൊഴിൽ നികുതി | 36900/ |
| വാടക | 109774/ |
| ലൈസൻസ് ഫീ | 5000/ |
| മാർക്കറ്റ് ഫീസ് | 196000 |

കുടിശ്ശിക ഈടാക്കാത്തതുമൂലം തനതുഫണ്ടിലുണ്ടാകുന്ന കുറവ് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നു. കുടിശ്ശിക നിവാരണം അടിയന്തിരമായി നടപ്പാക്കുന്നതിന് ഭരണസമിതിയുടെയും

ഉദ്യോഗസ്ഥരുടെയും സംയോജിത ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

## 2-2 വസ്തുനികുതി നിർണ്ണയം -അപാകതകൾ

(എ)ശരിയായ ഉപയോഗക്രമത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ചിട്ടില്ല

(i) ഡി&ഒ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളിൽ വാണിജ്യസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയം സഞ്ചയ പ്രോപ്പർട്ടി ടാക്സ് മൊഡ്യൂളിൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന കെട്ടിടങ്ങൾ പാർപ്പിട ആവശ്യത്തിന് ഉപയോഗിക്കുന്നവ എന്ന ഉപയോഗക്രമത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചതായി ശ്രദ്ധയിൽപ്പെട്ടു.

| രജിസ്റ്ററിലെ ക്രമ നം | സ്ഥാപന ഉടമയുടെ പേര് | കെട്ടിട നം | സ്ഥാപനം |
|---|---|---|---|
| 2 | ഉമേഷ് കെ എസ്, തോട്ടുപുറത്ത് | X1/29 | സ്റ്റീൽ & സ്റ്റീൽ |
| 15 | കെ.സി.രാധാകൃഷ്ണൻ, മുഴന്താനത്ത് | X1/427 | പലചരക്ക് കട |
| 17 | എം.എൻ.മോഹനൻ നായർ, മുല്ലശ്ശേരിൽ | X1/419 | പലചരക്ക് കട |
| 51 | പി കെ നാസർ, പുത്തൻവീട്ടിൽ | 3/803 | പി കെ എൻ ടിംബേഴ്സ് |
| 130 | ലാലു കെ ബി, കുമ്പളനാനിയിൽ | XI/411 | സ്റ്റേഷനറി കട |
| 149 | ആനി തോമസ്, പൊട്ടംകുളം | 3/638 | ബീ ഫുഡ് പ്രോഡക്ട്സ് |
| 175 | ഗിരിജാ പ്രസാദ്, ആശാഭവൻ | 3/512 | പാരാമെഡിക്കൽ ട്രെയിനിംഗ് |
| 201 | ജിജോ ജോസഫ്, പുത്തനങ്ങാടി | 20/213 | ഗാലക്സി വർക് ഷോപ്പ് |
| 263 | പിആർ മോഹൻദാസ്, പാറയിൽ | 6/630 | സ്റ്റേഷനറി കട |
| 375 | ആൻസമ്മ ലൂക്കോസ്, വെട്ടുവഴിയിൽ | 15/119A | സ്റ്റേഷനറി കട |
| 384 | ജോളിമോൾ,മാക്സ് വില്ല | 5/290 | സ്റ്റേഷനറി കട |
| 410 | റ്റി എം ഷാഹുൽ ഹമീദ്, തടത്തിൽപറമ്പിൽ | 6/539 | വെടിമരുന്ന് വില്പന |
| 448 | സാബുതോമസ്, പള്ളിക്കുന്നേൽ | 1/9 | ലാറ്റക്സ് ഓഫീസ് |
| 571 | പി എ കമാലുദീൻ, രഹനാ മൻസിൽ | 3/672 | ഫ്ലവർ മിൽ |

മേൽപരാമർശിച്ച കെട്ടിടങ്ങളുടെ ശരിയായ ഉപയോഗക്രമം പരിഗണിക്കാതെ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുത്തി നികുതി നിർണ്ണയിച്ചത് മൂലം നികുതി നഷ്ടമുണ്ടായിട്ടുണ്ട്. തെറ്റായ ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള വേറെയും ധാരാളം കെട്ടിടങ്ങളുണ്ട്. താഴെപ്പറയുന്ന ലോഡ്ജിംഗ് ഹൗസുകളുടെ ലൈസൻസിനായി സമർപ്പിച്ച അപേക്ഷകളിൽ പ്രസ്തുത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയം പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

| രജി. ക്രമ നം | സ്ഥാപന ഉടമയുടെ പേര് | കെട്ടിട നം | സ്ഥാപനം | നിലവിലെ ഉപയോഗക്രമം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 97 | എ ഐ കുര്യാക്കോസ്, പുതിയേടത്ത് | 2/549,550, 551 | കേളച്ചന്ദ്ര ലോഡ്ജ് | 100 ച.മീ ന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം |
| 128 | ബിജു സേവ്യർ, ഈട്ടിയ്ക്കൽ | 3/206 മുതൽ 3/215 വരെ | ഈട്ടിയ്ക്കൽ ലോഡ്ജ് | 3/206-പാർപ്പിടം<br>3/207 മുതൽ 3/215 വരെ -100 ച.മീ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം |

ഹോളോബ്രിക്സ് നിർമ്മാണ/വിപണന യൂണിറ്റുകൾ, കാർ വർക് ഷോപ്പുൾപ്പെടെയുള്ള വർക് ഷോപ്പുകൾ എന്നിവ വ്യവസായാവശ്യത്തിനുള്ളവ-കൈത്തറി ഷെഡ്, കയർപിരി ഷെഡ്, കൈത്തൊഴിൽ ഷെഡ് എന്ന ഗണത്തിൽപ്പെടുത്തി നികുതി നിർണ്ണയം നടത്തിയിട്ടുള്ളതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| രജിസ്റ്റർ ക്രമ നം | സ്ഥാപന ഉടമയുടെ പേര് | കെട്ടിട നം | സ്ഥാപനം |
|---|---|---|---|
| 32 | ജോസ് പി ജോൺ, പവ്വത്ത് | 15/509 | ശക്തി ഹോളോബ്രിക്സ് |
| 33 | പി ഡിജോൺ, പവ്വത്ത് | 15/510 | ഹോളോബ്രിക്സ് |
| 132 | കെ ജെ ടൈറ്റസ്, കണിയാംകുന്നേൽ | X1/419 | ഹോളോബ്രിക്സ് |
| 135 | കാഞ്ഞിരപ്പള്ളി റബ്ബേഴ്സ് പ്രൈ.ലി | 20/386 | വളം, കാർഷിക വസ്തുക്കൾ എന്നിവയുടെ വില്പന |
| 272 | കെ എം അലക്സാണ്ടർ, കരികിലകാവുങ്കൽ | 4/195 | ഹോളോബ്രിക്സ് |
| 404 | എ ഐ കുര്യാക്കോസ്, പുതിയേടത്ത് | 2/548 | കേളച്ചന്ദ്ര മെറ്റൽ ഇൻഡസ്ട്രീസ് |

| | | | |
|---|---|---|---|
| 475 | ഏലിയാമ്മ ചാക്കോ , ഇല്ലിക്കൽ | 20/297 ബി | ഫ്ലവർമിൽ |
| 578 | റൂബിൾ ജോർജ്, വടക്കേക്കുന്നേൽ | 15/326 | കാർ വർക് ഷോപ്പ് |

ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്നത് ഏതാനും ഉദാഹരണങ്ങളാണ്. ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പുനർനിർണ്ണയം സംബന്ധിച്ച് സമഗ്രമായ പരിശോധന നടത്തേണ്ടതും ഖണ്ഡികയിൽ പരാമർശിച്ച രീതിയിലുള്ള അപാകങ്ങൾ പരിഹരിച്ച് നികുതി പുനർനിർണ്ണയം നടത്തേണ്ടതും വിശദാംശം ഹാജരാക്കേണ്ടതുമാണ്.

(ബി) പൂർണ്ണമായ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ചില്ല

ദേവസ്യ വർക്കി, വടശ്ശേരി എന്നയാളുടെ ഉടമസ്ഥതയിലുള്ള 6/425 നം.കെട്ടിടത്തിൽ കീർത്തി പെട്രോൾ പമ്പ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നു. ഈ സ്ഥാപനത്തിന്റെ ഓഫീസ് കെട്ടിടം(8ച.മീ ) മാത്രമാണ് തറ വിസ്തീർണ്ണത്തിനായി പരിഗണിച്ചിട്ടുള്ളത് എന്ന് കാണുന്നു. പെട്രോൾ പമ്പുകളുടെ ഫ്യൂവൽ ഡിസ്പെൻസിംഗ് യൂണിറ്റിന്റെ ഉൾപ്പെടെ തറവിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ മറ്റ് പെട്രോൾ പമ്പുകളുടെ കാര്യത്തിലും ഇതേ രീതിയിലാണ് തറ വിസ്തീർണ്ണം കണക്കാക്കിയിട്ടുള്ളത്.

ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.20, നം.23) സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

താഴെപറയുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

| ക്രമനം | കെട്ടിട നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|---|
| 1 | 3/991A | ടോം സ്കറിയ, കോഴിപ്പൂവനാനിക്കൽ<br>ഹോട്ടൽവഴിയോരം, മുണ്ടക്കയം | I&II |
| 2 | 3/467 | എൽസി തോമസ് ,വിനീത് ഭവൻ, മൈക്കോളജി<br>സെന്റ് ജോർജ് കംമ്പ്യൂട്ടറൈസ്ഡ് ക്ലിനിക്കൽ ലാബ് | ,, ,, |
| 3 | 21/30 | ഡോ.ഷെറി എം ജോസഫ് മൂലയിൽ, മുണ്ടക്കയം<br>സി.വി.എം ഡന്റൽ ക്ലിനിക്ക് | ,, ,, |
| 4 | 2/548 | എ.ഐ കുര്യാക്കോസ്,കേളചന്ദ്ര മെറ്റൽ ഇൻഡസ്ട്രസ്& ലെയ്ത്ത് വർക്ക് | ,, ,, |

മേൽപരാമർശിത സ്ഥാപനങ്ങൾ തൊഴിൽനികുതിഒടുക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം16/22-1-19) ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും തൊഴിൽനികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. മേൽപരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കി രസീതുകളുടെ പകർപ്പുകൾ സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി-സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി ഒടുക്കാത്തത്.

താഴെപറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

| ക്രമനം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | മുളമൂട്ടിൽ ഫിനാൻസ് | I |

| | | |
|---|---|---|
| 2 | ബി എസ്സ് എം കേളജ്,മുണ്ടക്കയം | II |
| 3 | ഗ്രാമീണവനിതാകോപ്പറേറ്റീവ് സൊസൈറ്റി | II |
| 4 | എം .ഇ.എസ്സ് പബ്ലിക്ക് സ്കൂൾ,മുണ്ടക്കയം | I |
| 5 | യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ,മുണ്ടക്കയം | II |

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിനം 8/19-1-19ന് മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-5 വിമുക്തഭടന്മാരായ ജീവനക്കാർ തൊഴിൽനികുതി ഒടുക്കിയില്ല.

ചുവടെ ചേർക്കും പ്രകാരം വിമുക്തഭടരായ ജീവനക്കാർ തൻവർഷം തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

| ക്രമ നം | പേര്,ഉദ്യോഗപ്പേര് | തൊഴിൽ ചെയ്യുന്ന സ്ഥാപനം | അർദ്ധവാർഷിക വരുമാനം | അർദ്ധവർഷം | ഒടുക്കേണ്ട തൊഴിൽ നികുതി |
|---|---|---|---|---|---|
| 1 | കുര്യൻ പി .എം, (എച്ച്.ജി.എം) | LIC മുണ്ടക്കയം ബ്രാഞ്ച് | 125000 (1&2) | 1&2 | 1250X2 |
| 2 | ഹരിദാസൻ മാങ്ങാട്ടിൽ,അസ്സോസിയേറ്റ് | SBI,മുണ്ടക്കയം | 288790.7 (2-ാംഅർദ്ധവർഷത്തെ രേഖപ്പെടുത്തിയിട്ടില്ല) | ,, ,, | 1250X2 |
| 3 | മധുസൂതനൻ കെ.ജെ,ഹെഡ് സെക്യൂരിറ്റി ഗാർഡ്. | ,, ,, | 187748.5 (2-ാംഅർദ്ധവർഷത്തെ രേഖപ്പെടുത്തിയിട്ടില്ല.) | ,, ,, | 1250X2 |
| 4 | സാബു പി കെ,ആംഡ് ഗാർഡ് | ,, ,, | 150245.78 (2-ാംഅർദ്ധവർഷത്ത രേഖപ്പെടുത്തിയിട്ടില്ല.) | ,, ,, | 1250x2 |
| 5 | സജി റ്റി വി,ആംഡ് ഗാർഡ് | ,, ,, | 186492.66 (2-ാംഅർദ്ധവർഷത്തെ രേഖപ്പെടുത്തിയിട്ടില്ല.) | ,, ,, | 1250x2 |
| 6 | അബ്ദുൾജലീൽ,എൻ.പി ആംഡ് ഗാർഡ് | ,, ,, | 143795.28 2-ാംഅർദ്ധവർഷത്തെ രേഖപ്പെടുത്തിയിട്ടില്ല. | ,, ,, | 1250x2 |
| 7 | ജോർജ്കുട്ടി കെ.എ,ആംഡ് ഗാർഡ് | ,, ,, | 126870 | ,, ,, | 1250X2 |

| | | | | | |
|---|---|---|---|---|---|
| | | | (2-ാംഅർദ്ധവർഷത്തെ രേഖപ്പെടുത്തിയിട്ടില്ല.) | | |
| 8 | തോമസ് വി,കസ്റ്റമർ അസിസ്റ്റന്റ് | ,, ,,, | രേഖപ്പെടുത്തിയിട്ടില്ല. | 2 | |

മേൽ പറഞ്ഞ അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറിനം 8/19-1-19ന് സ്ഥാപനങ്ങൾക്ക് റിപ്പോർട്ട് നൽകി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 2-6 വാടക ഒടുക്കിയിട്ടില്ല

2017-18 വർഷത്തെ വാടക രജിസ്റ്ററുകൾ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന വ്യക്തികൾ വാടക ഒടുക്കിയിട്ടില്ലായെന്ന് കാണുന്നു.

1. ഗ്രാമപഞ്ചായത്തിന്റെ റൂം നമ്പർ. 3(15) വാടകയ്ക്കെടുത്ത സജീന, പാലത്തിങ്കൽ എന്ന വ്യക്തി പ്രതിമാസവാടകയായ 2397/- രൂപ 3/18 ൽ ഒടുക്കിയിട്ടില്ല.

2..ഗ്രാമപഞ്ചായത്തിന്റെ മിനി സ്റ്റാൾ നമ്പർ.3 വാടകയ്ക്കെടുത്ത ശ്രീ.സി.എം .പരീത്, ചിറയിൽ എന്ന വ്യക്തി പ്രതിമാസവാടകയായ 139/- രൂപ 2/18, 3/18 മാസങ്ങളിൽ അടവാക്കിയിട്ടില്ല.

3.BSNL ടവറിനായി വാടകയ്ക്കു കൊടുത്ത റൂമിന്റെ 3/18ലെ വാടകയായ 720/- രൂപ ഒടുക്കിയിട്ടില്ല.

പിഴപലിശ, 18% GST എന്നിവ ഉൾപ്പെടെ വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്.

മിനി സ്റ്റാൾ നമ്പർ 4 വാടകയ്ക്ക് എടുത്ത വ്യക്തി മരണപ്പെട്ടതിനാൽ കരാർ പുതുക്കി വാടക ഈടാക്കുന്നില്ല. സ്റ്റാൾ വാടകയ്ക്ക് നൽകാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.
കുടിശ്ശിക വരുത്തിയ വാടകക്കാരിൽ നിന്നും തുക പിഴപ്പലിശ സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-7 കെട്ടിട നിർമ്മാണാനുമതി-രേഖകളുടെ സൂക്ഷിപ്പിൽ പോരായ്മകൾ

കെട്ടിട നിർമ്മാണാനുമതി അപേക്ഷയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പിന്റെ 02.12.2015 ലെ 12900/ആർ.എ1/2015 നം. സർക്കുലറിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 20.06.2007 ലെ 24136/ആർ.എ1/2007 നമ്പർ സർക്കുലറിലെ അപ്പൻഡിക്സ് ഒന്നിൽ നിർദേശിച്ചിട്ടുള്ള നിർദ്ദിഷ്ട കെട്ടിട നിർമ്മാണ അപേക്ഷ രജിസ്റ്റർ തന്നെയാണ് പെർമിറ്റപേക്ഷകളുടെ വിവരങ്ങൾ രേഖപ്പെടുത്തുവാൻ ഉപയോഗിക്കുന്നതെങ്കിലും അപേക്ഷ സംബന്ധിച്ച മുഴുവൻ വിവരങ്ങളും ബന്ധപ്പെട്ട കോളങ്ങളിൽ രേഖപ്പെടുത്തുന്നില്ല. പെർമിറ്റ് അനുവദിക്കുന്നത് വരെയുള്ള വിശദാംശങ്ങൾ മാത്രമാണ് മിക്കവാറും എല്ലാ അപേക്ഷകളിലും രേഖപ്പെടുത്തിയിട്ടുള്ളത്. തന്മൂലം നിർമ്മിതിയുടെ പൂർത്തീകരണം, നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാത്ത പക്ഷം പെർമിറ്റ് പുതുക്കൽ, നികുതി നിർണ്ണയം തുടങ്ങിയ വിവരങ്ങൾ നിരീക്ഷിക്കാൻ സാഹചര്യമില്ല.

കെട്ടിട നിർമ്മാണ പെർമിറ്റ് ഫയലിൽ തന്നെയാണ് പിന്നീട് ഇതുമായി ബന്ധപ്പെട്ട വിനിമയങ്ങൾ, നോട്ടീസുകൾ, ഉത്തരവുകൾ, നടപടിക്രമങ്ങൾ, പെർമിറ്റ്, നിർമ്മാണപൂർത്തീകരണം, ഒക്യുപ്പൻസി, നികുതി നിർണ്ണയം വരെയുള്ള വിവരങ്ങൾ ഉണ്ടായിരിക്കേണ്ടത്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ പെർമിറ്റ് ഫയലുകളും നമ്പറിംഗ് ഫയലുകളും പ്രത്യേകം പ്രത്യേകമായാണ് പരിപാലിച്ചിട്ടുള്ളത്. പെർമിറ്റ് ഫയലുകളുടെ പരിപാലനം തൃപ്തികരമല്ല. ഫയലുകളിൽ സെക്ഷൻ ക്ലാർക്കിന്റെയോ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരുടെയോ സെക്രട്ടറിയുടെയോ അഭിപ്രായങ്ങളോ കുറിപ്പുകളോ ഇല്ല. തന്മൂലം അപേക്ഷ സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ഫയലിൽ നിന്നും ലഭിക്കുന്നില്ല. ഫയലുകളും രേഖകളും കൃത്യമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 2-8 പെർമിറ്റ് ഫീസ് കുറഞ്ഞ നിരക്കിൽ ഈടാക്കി

നെസ്ലി നെസിം , പുതുപ്പറമ്പിൽ എന്നയാൾ (ഫയൽ നം.5946/17) 139/1സർവ്വേ നമ്പരിൽപ്പെട്ട സ്ഥലത്ത് 135.13 ച.മീ തറവിസ്തീർണ്ണമുള്ള കെട്ടിടം നിർമ്മിക്കുന്നതിനുള്ള (സാങ്കേതം രജി.നം.292325 തീ.2.9.17) അനുവാദത്തിനായി

അപേക്ഷ സമർപ്പിച്ചിരുന്നു. പെർമിറ്റ് അപേക്ഷയിലും ഓവർസിയറുടെ റിപ്പോർട്ടിലും വാണിജ്യാവശ്യത്തിനുള്ള കെട്ടിടം എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സാങ്കേതത്തിലെ തെറ്റായ രജിസ്ട്രേഷന്റെ അടിസ്ഥാനത്തിൽ പാർപ്പിടാവശ്യത്തിനുള്ള പെർമിറ്റ് ഫീസ് ഈടാക്കി പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് പെർമിറ്റ് നൽകിയതായി കാണുന്നു.

അപേക്ഷകളിന്മേൽ ബന്ധപ്പെട്ട സെക്ഷന്റെയും മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരുടെയും സൂക്ഷ്മ പരിശോധന ഉണ്ടാവേണ്ടതുണ്ട്. പെർമിറ്റ് ഫീസിനത്തിൽ കുറവുവന്ന തുക ₹ 270/- (676-406) രൂപ അപേക്ഷകനിൽ നിന്നും ഈടാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം.22/24.01.19) മറുപടി നൽകിയിട്ടുണ്ട്. തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-9 ലേലം-കരാറുകാർ ലേലതുക ഒടുക്കിയിട്ടില്ല

1.15/03/17 ൽ മാംസമാർക്കറ്റിലെ 7-ാംനം സ്റ്റാൾ 39500/- രൂപയ്ക്ക് ലേലം കൊണ്ട അനീഷ് പി.എ., പുത്തൻപുരയ്ക്കൽ എന്നയാൾ ലേലത്തുകയുടെ ആദ്യഗഡുവായ 13200/-രൂപ 17-3-17 ൽ ഒടുക്കി. ബാക്കി തുകയായ 26300/- രൂപ നാളിതുവരെ ഒടുക്കിയിട്ടില്ല.

2.11/04/17 ൽ മാംസമാർക്കറ്റിലെ 8-ാംനം സ്റ്റാൾ 37500/-രൂപയ്ക്ക് ലേലം കൊണ്ട ഷാജി,പുതുപറമ്പിൽ എന്നയാൾ ലേലത്തുകയുടെ ആദ്യഗഡുവായ 12500/- രൂപ 31-5-17 ൽ പിഴപലിശ സഹിതം ഒടുക്കി. ബാക്കി തുകയായ 25000/-രൂപ നാളിതുവരെ ഒടുക്കിയിട്ടില്ല.

തുക ഈടാക്കാത്തത് സംബന്ധിച്ച് 18.01.19ൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 3) തുക ഈടാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. ലഭിക്കുവാനുള്ള തുക പിഴപലിശ സഹിതം ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-10 ഡി & ഒ ട്രേഡ് ലൈസൻസ്-അപാകതകൾ.

ഡി&ഒ ട്രേഡ് ലൈസൻസ് ഫയലുകളും രേഖകളും പരിശോധിച്ചതിൽ, ചുവടെ ചേർക്കുന്ന അപാകതകൾ കാണപ്പെട്ടു.

1. 2017-18 വർഷം ഡി&ഒ ലൈസൻസ് നൽകിയിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളിലാണെന്ന് കാണുന്നു.

| രജിസ്റ്ററിലെ ക്രമ നം | കെട്ടിട നം | സ്ഥാപന ഉടമയുടെ പേര് | ഉപയോഗം |
|---|---|---|---|
| 2 | 11/29 | ഉമേഷ് കെ.എസ്സ്,തോട്ടുപുറത്ത്,പുഞ്ചവയൽ പി.ഒ | സ്റ്റീൽ ഫർണ്ണീച്ചർ |
| 12 | 11/397 | ജോസഫ് മാത്യു,പുതുശ്ശേരി,പുഞ്ചവയൽ | പലചരക്ക് വ്യാപാരം |
| 13 | 11/397A | അജീഷ് പി ആർ,പുത്തൻപുരയ്ക്കൽ ,പുഞ്ചവയൽ | ഹോട്ടൽ& ടി ഷോപ്പ് |
| 15 | 11/427 | കെ.സിരാധാകൃഷ്ണൻ,മുളന്താനത്ത്,പുഞ്ചവയൽ | പലചരക്ക് വ്യാപാരം |
| 51 | 3/803 | പി.കെ നാസർ,പുത്തൻപറമ്പിൽ | പി.കെ എൻ ടിംബർ, സ്റ്റോക്ക് സെയിൽ |
| 17 | 11/419 | എം എൻ മോഹനൻനായർ,മുല്ലശ്ശേരിൽ,പുഞ്ചവയൽ | പലചരക്ക് വ്യാപാരം |

2.വാടകകെട്ടിടങ്ങളിൽ വാണിജ്യ/വ്യവസായ/ഇതര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന

ഡി&ഒ ട്രേഡ് ലൈസൻസിനുള്ള അപേക്ഷയോടൊപ്പം നിയമാനുസൃത കൈവശരേഖകൾ ഹാജരാക്കേണ്ടതുണ്ട്.എന്നാൽ താഴെ പറയുന്നവർ ആയത് (വാടകകരാർ)ഹാജരാക്കിയിട്ടില്ല.

| രജിസ്റ്ററിലെ ക്രമ നം | കെട്ടിട നം | കെട്ടിട ഉടമയുടെ പേര് | സ്ഥാപന ഉടമയുടെ പേര് | ഉപയോഗം |
|---|---|---|---|---|
| 2 | 11/29 | സജികുമാർ,പുതുപ്പറമ്പിൽ,പാക്കാനം പി.ഒ | ഉമേഷ് കെ.എസ്സ്,തോട്ടുപുറത്ത്, പുഞ്ചവയൽ പി.ഒ | സ്റ്റീൽ ഫർണ്ണീച്ചർ |

| | | | | |
|---|---|---|---|---|
| 12 | 11/397 | അജീഷ് പി ആർ, പുത്തൻപുരയ്ക്കൽ ,പുഞ്ചവയൽ | ജോസഫ് മാത്യു,പുഞ്ചവയൽ പുതുശ്ശേരി | പലചരക്ക്, പച്ചക്കറി,വിൽപ്പന |
| 13 | 11/397A | ശ്രീധരൻ,ഇളംപുരയിടം,പുഞ്ചവയൽ | അജീഷ് പി ആർ,പുത്തൻപുരയ്ക്കൽ ,പുഞ്ചവയൽ | ഹോട്ടൽ&ടീഷോപ്പ് |

3 ഗ്രാമപഞ്ചായത്തിൽ 2160 വാണിജ്യ/വ്യവസായ/ഇതര ആവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളുണ്ടെങ്കിലും ലൈസൻസോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 745എണ്ണം മാത്രമാണ്. മേൽപ്പറഞ്ഞതിൽ നിന്നും വളരെയധികം സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാണ്.

ഡി&ഒ ട്രേഡ് ലൈസൻസ് ആവശ്യമായ വ്യാപാര/വ്യവസായങ്ങളുടെ വിവരം 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പട്ടിക 1 ൽ പ്രതിപാദിക്കുന്നുണ്ട്. പട്ടിക 1 പ്രകാരം റേഷൻകടകളും അബ്കാരി/കള്ള് ഷാപ്പുകളും ഡി&ഒ ട്രേഡ് ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ റേഷൻകടകളും കള്ള് ഷാപ്പുകളും പ്രസ്തുത ലൈസൻസില്ലാതെയാണ് പ്രവർത്തിക്കുന്നത്. ട്രേയ്ഡേഴ്സ് ലിസ്റ്റ് ലഭ്യമല്ലാത്തതിനാൽ ലൈസൻസ് എടുത്ത വ്യാപാരസ്ഥാപനങ്ങളുടെഎണ്ണം കൃത്യമായി പരിശോധിക്കാൻ കഴിഞ്ഞില്ല.

മേൽപ്പറഞ്ഞ അപാകതൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/23-1-19) മേൽ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ടവർക്ക് നോട്ടീസ് നൽകി അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് നൽകുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ട്രേയ്ഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി എല്ലാ സ്ഥാപനങ്ങളും നിയമാനുസൃത ലൈസൻസ് നേടിയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 2-11 ഇ-ടെണ്ടർ ഫീസ് ലഭ്യമാക്കിയിട്ടില്ല.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഇ-ടെണ്ടർ ഫീസ് 140520/- രൂപ എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. തുക പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അവധിയിലായിരുന്ന കാലയളവിലും ഹോണറേറിയം കൈപ്പറ്റി - തുക തിരികെ ഈടാക്കണം

ഒന്നാം വാർഡ് മെമ്പർ ശ്രീമതി വൽസമ്മ തോമസ്സിന് 31/08/17 ലെ 20(1) നമ്പർ പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരം 06-06-2017 മുതൽ 30-07-2017 വരെ 55 ദിവസത്തെ അവധി അനുവദിച്ചു. എന്നാൽ അവധിയിലായിരുന്ന കാലയളവിലും അതായത് 06/17 ലെ ഓണറേറിയം വൗച്ചർ നം. 21700293/3.07.2017 പ്രകാരവും, 07/17ലെ ഓണറേറിയം വൗച്ചർ നം 21700389/01.08.2017 പ്രകാരവും കൈപ്പറ്റിയിട്ടുണ്ട്. അവധിയിലായിരുന്ന കാലയളവുൾപ്പെടെ 2017-18 കാലയളവിലെ ഹോണറേറിയം പൂർണമായും കൈപ്പറ്റിയിട്ടുണ്ട്. 1995 ലെ കേരളാ പഞ്ചായത്ത് രാജ് (ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും ) ചട്ടങ്ങളിലെ ചട്ടം 3ബി പ്രകാരം അവധിയിലായിരുന്ന കാലയളവിൽ ഹോണറേറിയത്തിന് അർഹത ഇല്ലാത്തതിനാൽ അധികമായി കൈപ്പറ്റിയ തുക 7000+7000x25/30 = 7000+5833 = 12,833/- രൂപ തിരികെ ഈടാക്കേണ്ടതാണ്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.5/തീയതി 18.01.2019ന്, അവധിയിലായിരുന്നകാലയളവിൽ അനുവദിച്ച ഹോണറേറിയം തിരികെ ഈടാക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. അവധിയിലായിരുന്ന കാലയളവിൽ അനുവദിച്ച ഹോണറേറിയം തിരികെ ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 തെരുവ് വിളക്ക് വൈദ്യുതി ചാർജ് ഒടുക്കൽ -മീറ്റർ ഘടിപ്പിക്കാൻ നടപടി സ്വികരിച്ചിട്ടില്ല.

2017-18 വർഷം, ആകെ 13,63,906/- രൂപ വൈദ്യുതി ചാർജ് ഇനത്തിൽ കെ എസ് ഇ ബിയിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ സർക്കാർ ഉത്തരവ് നം 65529/ഡിഡി 3/2012/തസ്വഭവ 12.03.2013 അനുശാസിക്കുന്ന രീതിയിൽ മീറ്റർ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. 2016-17 വർഷം പ്രോജക്ട് നം 340/17 പ്രകാരം ചെക്ക് നം 336592/ 28/03/17 മുഖേന 2,96,800/- രൂപ മീറ്റർ സ്ഥാപിക്കുന്നതിനായി. കെ എസ് ഇ ബി യിൽ ഒടുക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ സ്ഥാപിച്ചിട്ടില്ല. 28.03.2017, 10.07.2017, 28.12.2017, 15.10.2108 തീയതികളിൽ പ്രവൃത്തിയുടെ പുരോഗതി, പൂർത്തീകരണം എന്നിവ സംബന്ധിച്ച് അറിയിക്കാൻ ആവശ്യപ്പെട്ട് പഞ്ചായത്തിൽ നിന്ന് കത്ത് നൽകിയെങ്കിലും പ്രവൃത്തി നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. മീറ്റർ സ്ഥാപിക്കൽ പൂർത്തീകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-3 വെള്ളക്കരം സംയുക്ത പരിശോധന നടത്താതെ തുക ഒടുക്കുന്നു

പഞ്ചായത്ത് 2017-18 വർഷം ആകെ 441000/- വെള്ളക്കരം ഇനത്തിൽ വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ സർക്കാർ ഉത്തരവ് ആർടി നം 2242/2011/തസ്വഭവ 28.09.2011 അനുശാസിക്കുന്ന രീതിയിൽ വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. സംയുക്ത പരിശോധന നടത്താൻ അടിയന്തിര നടപടി സ്വീകരിച്ച് പ്രവർത്തനമില്ലാത്ത ടാപ്പുകളുടെ വെള്ളക്കരം ഒഴിവാക്കുന്നതിനോ , പ്രസ്തുത ടാപ്പുകൾ പ്രവർത്തനക്ഷമമാക്കാനോ നടപടികൾ എടുക്കേണ്ടതാണ്.

## 3-4 കുഴൽക്കിണർ നിർമ്മാണം- ബാലൻസ് തുക തിരികെ വാങ്ങാൻ നടപടി സ്വീകരിച്ചിട്ടില്ല.

വിവിധ സ്ഥലങ്ങളിൽ കുഴൽക്കിണർ നിർമ്മാണത്തിനായി ഭൂജല വകുപ്പിൽ അഡ്വാൻസായി അടച്ച തുകയിൽ ചെലവായതു കിഴിച്ച് ബാലൻസ് തുകയുടെ വിവരം ഭൂജല വകുപ്പ് പഞ്ചായത്തിനെ അറിയിച്ചു എങ്കിലും തുക തിരികെ വാങ്ങാൻ നടപടി സ്വീകരിച്ചില്ല.

തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ട് | അടച്ച തുക | ചെലവ് | മിച്ച തുക | ഭൂജല വകുപ്പ് കത്ത് നം/ യു.സി നം |
|---|---|---|---|---|---|---|
| 1 | 382/18 | പുലിക്കുന്ന് മുളംകുന്ന് കുടിവെള്ള പദ്ധതിക്ക് കുഴൽകിണർ നിർമ്മാണം | 46625 | 29840 | 16785 | Gwk/112/18 15.10.2018 |
| 2 | 18,20,282,336,351/ 16-17 | വിവിധ കുഴൽ കിണർ നിർമ്മാണങ്ങൾ | 1890915 | 1865473 | 25442 | Gwk/239/17 15.10.2018 |

ഇതു സംബന്ധിച്ച് 18.01.2019ൽ നൽകിയ 6-ാം നമ്പർ എൻക്വയറിക്ക്, തുക തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-5 മീനച്ചിൽ റബ്ബർ വുഡിൽ നിന്നും ഫർണീച്ചർ വാങ്ങൽ– അപാകതകൾ

പ്രോജക്ട് നം - 201/18,374/18

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

പഞ്ചായത്ത് കോൺഫറൻസ് ഹാളിലേയ്ക്ക് ഫർണീച്ചർ(374/18), പഞ്ചായത്ത് ഓഫീസിലേയ്ക്ക് കസേര (201/18 ) എന്നീ പദ്ധതികളിൽ മീനച്ചിൽ റബ് വുഡ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽനിന്നും സർക്കാർ ഉത്തരവ് നം. 43/2017/SPD തീയതി 15/07/2017പ്രകാരം ടെണ്ടർ നടപടികൾ ഒഴിവാക്കി യഥാക്രമം 5,93,941/-രൂപ (ചെക്ക് നം 9235887 തീയതി 06/02/2018),173888/ രൂപ (ചെക്ക് നം 338019 തീയതി 31/10/2017) ഉൾപ്പെടെ ആകെ 7,67,829/-രൂപ ചെലവഴിച്ച് (ഇൻവോയ്സ് നം സി.112-03.01.2018, സി.51-13.10.2017) ഫർണിച്ചർ വാങ്ങി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | സി.112 എണ്ണം | സി.51എണ്ണം | നൽകിയ നിരക്ക് 14% GST | ആകെ (ഇൻവോയ്സ് പ്രകാരം) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | ഡയസ് ടേബിൾ | 1 | - | 54000 | 54000 |
| 2 | യു ടേബിൾ 24 സീറ്റ് | 1 | | 248000 | 248000 |
| 3 | ചെയർ മെട്രോ സി 1 | 30 | 29 | 3850 | 115500+111650ആകെ227150 |
| 4 | ചെയർ മെട്രോ സി 2 | | 4 | 4400 | 17600 |
| 5 | സ്റ്റോറേജ് റാക്ക് | 3 | | 24280 | 72840 |
| 6 | എക്സിക്കുട്ടീവ് ചെയർ | 2 | 1 | 6500 | 13000+6600=19600 |
| 7 | GST 14% | 90600 | 38080 | | 128680 |
| | ഒട്ടാകെ | 593941 | 173888 | | *7,67,870/- |

* ബിൽ പ്രകാരം 7,67,829/- രൂപ നൽകിയിട്ടുണ്ട്.

പദ്ധതി നിർവ്വഹണത്തിലെ അപാകത ചുവടെ ചേർക്കുന്നു.

മീനച്ചിൽ റബ് വുഡ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ സർക്കാർ ഉത്തരവ് നം 43/2017/SPD തീയതി 15/07/2017 പ്രകാരം ടെണ്ടർ നടപടികളിൽ നിന്നും ഒഴിവാക്കിയപ്പോൾ വാങ്ങാവുന്ന ഇനങ്ങളും അവയുടെ നിരക്കും വിശദമായി പ്രതിപാദിച്ചിരുന്നു. ഈ ഉത്തരവിൽ പരാമർശിക്കാത്ത ആറ് ഇനങ്ങളാണ് ടെണ്ടർ നടപടി ഒഴിവാക്കി വാങ്ങിയിരിക്കുന്നത്. ക്രമപ്രകാരമല്ലാത്ത നടപടിക്ക് വിശദീകരണം നൽകേണ്ടതാണെന്ന് ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.20/24.01.19) ഉത്തരവിൽ പരാമർശിക്കാത്ത ഇനങ്ങൾ വാങ്ങിയതിനാൽ വിഷയം പഞ്ചായത്ത് കമ്മിറ്റി പരിശോധിച്ച് വിശദമായ മറുപടി നൽകുന്നതാണെന്ന് സെക്രട്ടറി മറുപടി നൽകി. ചെലവ് തുക ആകെ 7,67,829/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 പട്ടികജാതി പ്രൊഫഷണൽ ,ബിരുദ വിദ്യാർഥികൾക്ക് ലാപ്പ്ടോപ്പ് വിതരണം-അപാകതകൾ

പ്രോജക്ട് നം-39/18

അടങ്കൽ-1560000/-

ചെലവ്-1260000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

പട്ടികജാതി വിഭാഗത്തിൽപ്പെട്ട പ്രൊഫഷണൽ, ബിരുദ വിദ്യാർഥികൾക്ക് വിതരണം ചെയ്യുന്നതിനായി വാങ്ങിയ 42 ലാപ്പ്ടോപ്പുകളിൽ ഒന്ന് വിതരണം ചെയ്യാതെ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട്. സിന്തിൾ

ശശിധരൻ, വെള്ളപാറയ്ക്കൽ, മുണ്ടക്കയം എന്ന ഗുണഭോക്താവ് ലാപ്പ്ടോപ്പ് കൈപ്പറ്റിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.13/21-1-19 നല്കി. യോഗ്യതാ മാനദണ്ഡങ്ങൾ കൃത്യമായി മനസിലാക്കാതെ അപേക്ഷ നല്കിയ വിദ്യാർത്ഥിക്ക് കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കാൻ കഴിയാത്തതിനാൽ ലാപ്പ്ടോപ്പ് കൈപ്പറ്റിയില്ല എന്ന മറുപടി ലഭിച്ചു. ഗുണഭോക്താക്കൾ അപേക്ഷകൾ ഹാജരാക്കുമ്പോൾ യഥാവിധി സൂക്ഷ്മ പരിശോധന നടത്തി അർഹത നിർണ്ണയിക്കേണ്ടതാണ്. ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പുലർത്തേണ്ടതാണ്. വിതരണം ചെയ്യാത്ത ലാപ്പ്ടോപ്പ് അർഹമായ ഗുണഭോക്താവിനെ കണ്ടെത്തി നൽകിയശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-7 റോഡ് ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ബാരൽവില ഈടാക്കിയിട്ടില്ല.

സി.പി.ഡബ്ല്യു.ഡി സ്പെസിഫിക്കേഷൻ 16.4.2.1അനുസരിച്ച് (The empty containers shall not be removed from the site of work, till the relevant item of work has been completed and permission obtained from the Engineer-in-Charge. A few drums may be removed before completion of work for heating bitumen and mixing aggregates etc. with the permission of the Engineer-in-Charge. Empty drums required to be returned to stores shall be in good condition. Recovery rate for non-return of the empty drums or for the damaged drums shall be as decided by the Engineer-in-Charge.) കാലി ബാരലുകൾ കേടുപാടുകൾ കൂടാതെ തിരിച്ച് നല്കിയില്ലെങ്കിൽ വില ഈടാക്കാവുന്നതാണ്. ഇതിന് വകുപ്പ് നിശ്ചയിച്ചിട്ടുള്ളത് 238/-രൂപയും ജി.എസ്.റ്റിയുമാണ്. താഴെപറയുന്ന പ്രവൃത്തികളിൽ കാലിബാരൽ തിരികെ നല്കുകയോ വില ഈടാക്കുകയോ ചെയ്തിട്ടില്ല.

| പ്രവൃത്തി വിശദാംശങ്ങൾ | ഉപയോഗിച്ച ബിറ്റുമിൻ ബാരലുകളുടെ എണ്ണം | ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|
| പ്രോജക്ട് നം. 64/18<br>3 സെന്റ് പ്ലാന്റേഷൻ റോഡ് റീ ടാറിംഗ്.<br>കരാറുകാരൻ- മാത്യു തോമസ് | 10 | വില 2380/-<br>ജി.എസ്.ടി 18%- 428/- |
| പ്രോജക്ട് നം.83/18<br>ശ്രീനിവാസൻ റോഡ് റീടാറിംഗ്.<br>കരാറുകാരൻ- ജിജോ മാത്യു, കൊച്ചുപുരയ്ക്കൽ | 5 | വില 1190/-<br>ജി.എസ്.ടി 18% -214/- |
| പ്രോജക്ട് നം.59/18<br>അമരാവതി കല്ലുകുളം റോഡ് റീടാറിംഗ് വാർഡ് 12<br>കരാറുകാരൻ- ജിജോ മാത്യു, കൊച്ചുപുരയ്ക്കൽ | 9 | വില 2142/-<br>ജി.എസ്.ടി 18%- 386/- |
| പ്രോജക്ട് നം.56/18<br>ടി.ബി സർക്കുലർ റോഡ് റീടാറിംഗ്-<br>കരാറുകാരൻ- ജിജോ മാത്യു, കൊച്ചുപുരയ്ക്കൽ | 12 | വില 2856/-<br>ജി.എസ്.ടി 18%- 514 |

| | | |
|---|---|---|
| പ്രോജക്ട് നം.259/18<br>കണ്ണിമല- പള്ളിപ്പടി മഞ്ഞളരുവി റോഡ് റീടാറിംഗ്.<br>കരാറുകാരൻ- ജിജോ മാത്യു, കൊച്ചുപുരയ്ക്കൽ | 12(ആകെ 17 ബാരലുപയോഗിച്ചതിൽ 5എണ്ണത്തിന്റെ മാത്രം വില ഈടാക്കി) | വില 2856/-<br>ജി.എസ്.ടി 18%- 514 |
| ആകെ | | 11424+2056 ജി.എസ്.റ്റി |

ബാരൽവില ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/25.01.2019) എഞ്ചിനീയറിൽ നിന്ന് മറുപടി ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കാമെന്ന മറുപടി ലഭ്യമാക്കി. 11424/- രൂപ ബാരൽവിലയും 2056/- രൂപ ജി.എസ്.ടി യും ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി സർക്കാരിലേയ്ക്ക് ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-8 ക്യാരിബാഗ് നിർമ്മാണ യൂണിറ്റിന് ധനസഹായം-അപാകതകൾ.

നിർവ്വഹണഉദ്യോഗസ്ഥൻ- അസ്സി.സെക്രട്ടറി

പ്രോജക്ട് നം-183/18

അടങ്കൽ-600000/-

ചെലവ്-200000/-(ജനറൽ)

പഞ്ചായത്തിന്റെ 19-ാം വാർഡിൽ പ്രവർത്തിക്കുന്ന ഐശ്വര്യ ക്യാരിബാഗ് നിർമ്മാണ യൂണിറ്റിന് 200000/- രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.എന്നാൽ ഫയൽ പരിശോധിച്ചതിൽ പ്രോജക്ട് നടപ്പാക്കിയതിൽ ചുവടെ ചേർക്കും പ്രകാരം അപാകതകൾ കാണപ്പെട്ടു.

- ഗ്രൂപ്പിന്റെ അപേക്ഷ ഫയലിൽ സൂക്ഷിച്ചിട്ടില്ല.
- ഗ്രൂപ്പിന്റെ യോഗ്യത(ഗ്രൂപ്പിൽ കുറഞ്ഞത് അഞ്ച് അംഗങ്ങൾ ഉണ്ടായിരിക്കണം,18നും 50നും ഇടയിൽ പ്രായം ഉള്ളവരായിരിക്കണം, വാർഷികവരുമാനം 1 ലക്ഷത്തിൽ കവിയരുത്, ഗ്രൂപ്പ് രൂപീകരിച്ച് ആറുമാസത്തിനുശേഷം നടത്തിയ ഗ്രേഡിംഗിൽ വിജയിച്ചിരിക്കണം) സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.
- യൂണിറ്റിന്റെ തുടർ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

മേൽ പറഞ്ഞ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.14/21-1-19 നല്കിയപ്പോൾ ഒരു അപേക്ഷയും എതാനും വിവരങ്ങളും ഹാജരാക്കി അപേക്ഷയും സമർപ്പിച്ച അനുബന്ധ രേഖകളും ഓഡിറ്റ് എൻക്വയറി നൽകിയതിനുശേഷം തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതാണ്. ക്യാരിബാഗ് നിർമ്മാണ യൂണിറ്റിന് ലോൺ അനുവദിക്കുന്നതിന് ശുപാർശ ചെയ്തുകൊണ്ടുള്ള ഒരു കത്തും, ബില്ലിന്റെ കോപ്പിയും മാത്രമാണ് ഫയലിൽ സൂക്ഷിച്ചിരുന്നത്. ആവശ്യമായ രേഖകളുടെ അഭാവത്തിലാണ് ധനസഹായം നൽകിയത് എന്ന് കാണുന്നു. പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ മാർഗരേഖ നിഷ്കർഷിക്കും പ്രകാരമുള്ള രേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 3-9 മുരിക്കുംവയൽ GLPS അറ്റകുറ്റപ്പണി- പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല-മറ്റ് അപാകതകൾ.

പ്രോജക്ട് നം. 102/18

അടങ്കൽ- 1289000 രൂപ

ചെലവ്- 486648 രൂപ ബിൽ നം. 151/171-8/ 31.3.18 )

50 m2 വിസ്തീർണ്ണമുള്ള കോൺക്രീറ്റ് കെട്ടിടം മെയിന്റനൻസ് നടത്തുന്നതിനുള്ളതാണ് ടി പ്രോജക്ട്. ടെണ്ടർ

ക്ഷണിച്ച് കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കരാറുകാരൻ ശ്രീ. അനിൽകുമാർ വി. ജി. യ്ക്ക് 13.06.2017 ൽ സെലക്ഷൻ നോട്ടീസ് നൽകി. 11.07.2017 ലാണ് ടിയാൻ അസിസ്റ്റന്റ് എൻജിനീയറുമായി കരാറിലേർപ്പെട്ടത്. സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനുള്ളിൽ കരാർ വെയ്ക്കാത്തതിനാൽ ടിയാനിൽ നിന്നും 9860/- രൂപ ഫൈൻ ഈടാക്കിയിട്ടുണ്ട് (രസീത് നം 117020102592/11.7.2017). എന്നാൽ ഈടാക്കേണ്ടിയിരുന്ന ഫൈൻ എസ്റ്റിമേറ്റഡ് PAC യായ 1165974/- രൂപയുടെ 1% മായ 11660/- രൂപയായിരുന്നു. അതായത് 1800/- രൂപ (11660-9860) കുറവായാണ് ഫൈൻ ഈടാക്കിയത്. കരാർ പ്രകാരം പൂർത്തീകരണ കാലാവധി 3.1.2018 ആയിരുന്നു. ആയത് 3.4.2018 വരെ ദീർഘിപ്പിച്ചു നൽകിയതായി കാണുന്നു. (നിയമാനുസൃത ഫൈൻ ഈടാക്കാതെ). എന്നാൽ ടി കാലാവധിക്കുള്ളിൽ കെട്ടിടത്തിന്റെ RCC റൂഫ് മെയിന്റനൻസ് മാത്രമാണ് പൂർത്തിയായിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ 486648/- രൂപ പാർട്ട് ബിൽ നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ പ്രവൃത്തി നാളിതുവരെ പൂർത്തിയാക്കിയതായി കാണുന്നില്ല. പൂർത്തീകരണ കാലാവധി പിന്നീട് ദീർഘിപ്പിച്ച് നൽകിയതായോ സപ്ലിമെന്ററി കരാർ ചമച്ചതായോ കാണുന്നില്ല. പ്രവൃത്തിയുടെ പൂർത്തീകരണം സംബന്ധിച്ച് കരാറുകാരനുമായി ആശയവിനിമയം നടത്തിയതായും കാണുന്നില്ല. മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/18.01.19) സപ്ലിമെന്ററി കരാർ ചമച്ച് നിയമാനുസൃത പിഴ ഈടാക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. കരാർ ചമയ്ക്കാൻ താമസിച്ചതിന് ഈടാക്കിയ പിഴയിൽ കുറവ് വന്ന 1800 രൂപയും പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയതിന് ഈടാക്കേണ്ട നിയമാനുസൃത പിഴയും ഈടാക്കുകയും പ്രവൃത്തി പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കുകയും ചെയ്യേണ്ടതാണ്. പ്രവൃത്തിയുടെ നിർവ്വഹണവേളയിൽ RCC സ്ലാബ് പൊളിച്ച് മാറ്റിയപ്പോൾ ലഭിച്ച പഴയ ഇരുമ്പ് കമ്പികളുടെ മൂല്യനിർണ്ണയം നടത്തി ലേലം ചെയ്ത് തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-10 <u>കണ്ടൻപാറഭാഗം ഫുട്പാത്ത് നിർമ്മാണം- പൂർത്തിയാക്കിയിട്ടില്ല - അധികചെലവ് നിരാകരിക്കുന്നു</u>

പ്രോജക്ട് നം 95/18.

അടങ്കൽ - 400000 രൂപ (വികസന ഫണ്ട് എസ്.സി.പി. )

ചെലവ്- 314641 രൂപ (ബിൽ നം. 10/17-18/ 28.7.17 ).
നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ.

മുണ്ടക്കയം ഗ്രാമ പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ ഗുണഭോക്തൃസമിതി വഴി നടപ്പാക്കിയതാണ് മേൽ പ്രവൃത്തി. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

പ്രവൃത്തിയുടെ ഒന്നാം പാർട്ട് ബില്ലിൽ ആകെ വേലമൂല്യമായി ചേർത്തിരിക്കുന്നത് 3,08,589/- രൂപയാണ്. ഇതിൽനിന്നും അധികമായി കണക്കാക്കിയ ഓവർഹെഡ്ചാർജ് 2.5% കുറവ് ചെയ്ത് അറ്റ വേലമൂല്യം 3,01,576/- രൂപയാണ്. എന്നാൽ പാർട്ട് ബില്ലായി തുക ചെലവഴിച്ചിരിക്കുന്നത് 3,14,641/- രൂപയാണ് (ബിൽ നം. 10/17-18/ 28.7.17 ). അധികച്ചെലവ് 13,065/- രൂപ (314641- 301576). പ്രോജക്ട് നടത്തിപ്പിലെ മറ്റ് അപാകതകൾ താഴെ ചേർക്കുന്നു.

1) എസ്.സി.പി ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയ പ്രവൃത്തിയിൽ സോഷ്യൽ മാപ്പ്, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.

2) ഗുണഭോക്തൃസമിതിയുടെ വരവ്ചെലവ് കണക്ക്, സാധനങ്ങൾ വാങ്ങിയതിന്റെ ബില്ലുകൾ, എം ബുക്ക് എന്നിവ ഫയലിൽ ചേർത്തിട്ടില്ല.

3) ഫുട്പാത്തിന്റെ 20 മീറ്ററോളം ഇനിയും പൂർത്തിയാക്കിയിട്ടില്ലെന്ന് ഗുണഭോക്തൃസമിതി കൺവീനർ വ്യക്തമാക്കി.

മേൽ അപാകതകൾ സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം.10/21.01.19) ഒരു വർഷത്തിൽ കൂടുതൽ സ്പിൽ ഓവറായി തുടർന്ന് വരുന്ന പദ്ധതികൾ 2018-19 വർഷത്തേക്ക് ക്യാരി ഓവർ ചെയ്യാൻ സാധിക്കാത്തതിനാൽ മേൽ പ്രവൃത്തി ഉപേക്ഷിക്കേണ്ടി വന്നു എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. ഫുട്പാത്ത് നിർമ്മാണം പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. വേലമൂല്യം കണക്കാക്കിയതിലും അധികമായി പിൻവലിച്ച 13065/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ബന്ധപ്പെട്ട കൺവീനറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഗുണഭോക്തൃസമിതിയുടെ വരവുചെലവ് കണക്ക്, സാധനങ്ങൾ വാങ്ങിയതിന്റെ ബില്ലുകൾ, എം

ബുക്ക് എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-11 കരിനിലം അങ്കണവാടി മെയിന്റനൻസ്- എസ്റ്റിമേറ്റിലും അധിക അളവിൽ പ്രവൃത്തി ചെയ്തു

പ്രോജക്ട് നം. 105/18

അടങ്കൽ- 490000 രൂപ ( മെയിന്റനൻസ് ഫണ്ട് റോഡിതരം )

ചെലവ്- 462244 രൂപ ( ബിൽ നം. 26/17-18/ 31.8.2017 )
നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ.

ടി പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ പല ഇനങ്ങളിലും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന അളവിലും അധിക അളവിൽ പ്രവൃത്തി ചെയ്തതായി കാണുന്നു. എന്നാൽ എസ്റ്റിമേറ്റിൽ അനുവദിച്ചിരുന്ന അളവിൽ പരിമിതപ്പെടുത്താതെയാണ് മൂല്യം കണക്കാക്കി കൺവീനർക്ക് തുക അനുവദിച്ചിരിക്കുന്നത്.

| ഇനം | എസ്റ്റിമേറ്റിലെ അളവ് | ചെയ്ത അളവ് | അധികം | നിരക്ക് | അധിക മൂല്യം (രൂപ) |
|---|---|---|---|---|---|
| 6, Solid block masonry | 6.76m3 | 7.53m3 | 0.77m3 (11.39%) | 5284/m3 | 4069 |
| 12, Steel reinforcement for RCC work | 536.12kg | 641.91kg | 105.79kg (19.73%) | 93.37/kg | 9877.6 |
| 19, 12mm cement plaster | 126.23m2 | 143.36m2 | 17.13m2 (13.15%) | 236.23/m2 | 4046 |
| 27, Supplying and laying ceramic glazed floor tiles | 45.5m2 | 50.72m2 | 5.22m2 (11.47%) | 1076.82/m2 | 5621 |

എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന അളവിലും 5 ശതമാനത്തിലും അധികം അളവിൽ പ്രവൃത്തി ചെയ്തിട്ടും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കാത്ത സാഹചര്യത്തിൽ എസ്റ്റിമേറ്റിൽ അനുവദിച്ചിരുന്ന അളവിൽ പരിമിതപ്പെടുത്താതെ മൂല്യം കണക്കാക്കി തുക അനുവദിച്ചിത് ക്രമപ്രകാരമല്ല. മേൽ അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/21.01.19) മറുപടി ലഭ്യമാക്കിയതിൽ പി.ഡബ്യൂ.ഡി. ഡ്രാഫ്റ്റ് മാന്വൽ പ്രകാരം ഓരോ ഇനത്തിനും 25% വരെ അധികം നിർവ്വഹണോദ്യോഗസ്ഥന് അനുവദിക്കാവുന്നതാണ് എന്നും ആയതിനാലാണ് വർക്ക് സ്ലിപ്പിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചത് എന്നും അറിയിച്ചു. എന്നാൽ ഡ്രാഫ്റ്റ് മാന്വൽ അടിസ്ഥാനമാക്കി 5 ശതമാനത്തിലും അധികം അളവിൽ ചെയ്ത പ്രവൃത്തിക്ക് വർക്ക് സ്ലിപ്പിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചത് ക്രമപ്രകാരമല്ല. റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്. അല്ലാത്തപക്ഷം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന അളവിലും അധികം ചെയ്ത പ്രവൃത്തിക്ക് അനുവദിച്ച തുക കണക്കാക്കി തിരികെ ഈടാക്കേണ്ടതാണ്.

## 3-12 വേലനിലം കുടിവെള്ളപദ്ധതി- 2, 21 വാർഡുകളിലേയ്ക്ക് പൈപ്പ് ലൈൻ നീട്ടൽ–

<u>പദ്ധതി പൂർത്തിയാക്കിയിട്ടില്ല.</u>

പ്രോജക്റ്റ് നം. 210/18

അടങ്കൽ- 490000 രൂപ

ചെലവ്- 425545 രൂപ ( ബിൽ നം. 78/17-18/ 7.03.2018 )

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ

മുണ്ടക്കയം ഗ്രാമ പഞ്ചായത്തിന്റെ വാർഡ് 2, 21 എന്നിവയിൽ നിലവിലുള്ള കുടിവെള്ളപദ്ധതി പുനരുദ്ധാരണത്തിനാണ് മേൽ പദ്ധതി. അധികമായി 20000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്ക്, പമ്പിംഗ് മെയിൻ, വിതരണ ലൈൻ എന്നിവ സ്ഥാപിച്ച് കൂടുതൽ കുടുംബങ്ങൾക്ക് കുടിവെള്ളമെത്തിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. വിശദമായ എസ്റ്റിമേറ്റിൽ ടാങ്ക് പ്ലാറ്റ് ഫോം, 10000 ലിറ്റർ കപ്പാസിറ്റിയുള്ള 2ടാങ്ക്, 50mm 10kg/cm2 HDPE പൈപ്പ് (ഗ്രേഡ് PE 100 ) 162m എന്നിവ സ്ഥാപിക്കുന്നതിനാണ് പ്രൊവിഷൻ ഉൾപ്പെടുത്തിയിരിക്കുന്നത്. അളവുകൾ രേഖപ്പെടുത്തിയ എം ബുക്ക് നം. 33/17-18, ഫയൽ എന്നിവ പരിശോധിച്ചതിൽ, ചെയ്ത പ്രവൃത്തി 10000 ലിറ്റർ കപ്പാസിറ്റിയുള്ള 2ടാങ്ക്, 50mm 10kg/cm2 HDPE പൈപ്പ് 162m എന്നിവ മാത്രമാണ്. വിതരണലൈൻ സ്ഥാപിച്ചിട്ടില്ല. വൈദ്യുതീകരണം പൂർത്തിയാക്കി കുടിവെള്ളവിതരണം നാളിതുവരെ സാധ്യമാക്കിയിട്ടില്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/18.01.19) പദ്ധതിയുടെ പൂർത്തീകരണത്തിനായി നടപ്പ് സാമ്പത്തിക വർഷവും തുക വകയിരുത്തിയിട്ടുണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകി. കുടിവെള്ളപദ്ധതി പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-13 <u>കാലിവീപ്പയുടെ വില ഈടാക്കിയത് സർക്കാരിലേക്ക് ഒടുക്കിയിട്ടില്ല.</u>

മുണ്ടക്കയം ഗ്രാമ പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ നടപ്പാക്കിയ വിവിധ ടാറിംഗ്/ റീ ടാറിംഗ് പ്രവൃത്തികളുടെ മരാമത്ത് ബില്ലുകളിൽ നിന്നും ഈടാക്കിയ കാലിവീപ്പകളുടെ വിലയും ജി.എസ്.റ്റി യും ഉൾപ്പടെ ആകെ 58500/- രൂപ തനത് ഫണ്ടിൽ റവന്യൂ ശീർഷകത്തിൽ ക്രഡിറ്റ് ചെയ്തിട്ടുണ്ട് ( വാർഷിക കണക്കിലെ RP5 ഷെഡ്യൂളിലെ കണക്ക് ശീർഷകം 150120105- Sale of empties and waste materials ). തദ്ദേശസ്വയംഭരണ വകുപ്പിന്റെ 30.10.2007ലെ സർക്കുലർ നം. 59827/ എഫ്.എം./2007 പ്രകാരം ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് ആ ഫണ്ടിലേയ്ക്ക് തന്നെ കാലിവീപ്പയുടെ വില തിരികെ അടയ്ക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2017-18 വർഷം മരാമത്ത് ബില്ലുകളിൽ നിന്നും ഈടാക്കിയ കാലിവീപ്പകളുടെ വിലയും ജി.എസ്.റ്റി യും തനത് ഫണ്ടിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ്. ആയത് ക്രമപ്രകാരമല്ല. ഇത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.11/21.01.19) കാലി വീപ്പയുടെ വിലയും ജി.എസ്.റ്റി. യും അതത് ശീർഷകത്തിൽ ഒടുക്കുന്നതിന് സെക്രട്ടറിക്ക് കത്ത് നൽകുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കി . തുക സർക്കാരിലേയ്ക്ക് ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-14 <u>ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹിച്ച പ്രോജക്റ്റുകൾ-ഫയലുകൾ ഹാജരാക്കിയിട്ടില്ല.</u>

2107-18 വർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ 4 പ്രോജക്റ്റുകൾ നിർവ്വഹിച്ചിട്ടുണ്ട്. ടി പ്രോജക്റ്റുകൾക്കായി 59,30,523/-രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവു സംബന്ധിച്ച രേഖകൾ പരിശോധനക്കായി ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ചെലവ് പത്രികപ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | പ്രോജക്റ്റ് നം | പ്രോജക്റ്റ് | ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|---|---|---|
| 1 | 36 | അങ്കണവാടി പോഷകാഹാരം | വികസനഫണ്ട്, (ജനറൽ) കേന്ദ്രാവിഷ്കൃതഫണ്ട് | 3247515 | 3053177 |

| | | | | | |
|---|---|---|---|---|---|
| 2 | 37 | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | വികസനഫണ്ട്, (ജനറൽ), ബ്ലോക്ക് വിഹിതം | 1407300 | 1013929 |
| 3 | 38 | അങ്കണവാടി പ്രവർത്തകർക്ക് അധികവേതനം | തനത് ഫണ്ട് | 1752000 | 1549667 |
| 4 | 157 | അങ്കണവാടികൾക്ക് കസേരയും ഫാനും | എ.ജി (എൻ.ആർ) | 314000 | 313750 |
| ആകെ | | | | 7050415 | 5930523 |

രേഖകൾ ആവശ്യപ്പെട്ട് 21.01.19ൽ നൽകിയ 15-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക്, അനാരോഗ്യം (യാത്ര ചെയ്യുന്നതിന് തീർത്തും സാധിക്കാത്തതിനാൽ) മൂലം രേഖകൾ ഹാജരാക്കാൻ കഴിയുകയില്ലയെന്നും ആവശ്യപ്പെടുന്ന സമയത്ത് ഓഫീസിൽ ഹാജരാക്കാം എന്ന മറുപടിയാണ് ഐ.സി.ഡി.എസ്.സൂപ്പർവൈസർ നൽകിയത്. രേഖകൾ ഹാജരാക്കുന്നതു വരെ മേൽ പ്രോജക്ടുകൾക്കായുള്ള 59,30,523/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
ഓഡിറ്റിന് ഫയലുകൾ ലഭ്യമാക്കാത്തത് ഗുരുതരമായ കൃത്യവിലോപമാണ്. ഇക്കാര്യം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും പ്രത്യേകശ്രദ്ധയിൽപ്പെടുത്തുന്നു. ഉചിതമായ തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-15 <u>പൂർത്തിയാകാത്ത വീടുകൾക്കുള്ള ധനസഹായം(s.c.p)-ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.</u>

പ്രോജക്ട് നം -399/18

നിർവ്വഹണ ഉദ്യോഗസ്ഥൻ -വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ.

അടങ്കൽ - 800000/-

ചെലവ് -405000/-

(SCP-135000,Block share-270000)

മേൽ പ്രോജക്ട് പ്രകാരം താഴെപറയുന്ന 3 ഗുണഭോക്താക്കൾക്ക് 4,05,000/- രൂപ ഭവനപൂർത്തീകരണത്തിന് ധനസഹായമായി നല്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല.

1.സതീഷ് കെ. ,വലിയവെള്ളനാടി എസ്റ്റേറ്റ്, മുണ്ടക്കയം പി.ഒ.

കൈപ്പറ്റിയ തുക -265000/-

2.തങ്കപ്പൻ,പേഴുംകാട്ടിൽ, കരിനിലം

കൈപ്പറ്റിയ തുക-110000/-

3.രാജിമോൾ ആർ.ആർ,വേമ്പനാട്ട്,വേലനിലം പി.ഒ

കൈപ്പറ്റിയ തുക-30000/-

മേൽ പരാമർശിച്ച അപാകത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.12/21-1-19 നല്കിയതിന് ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല എന്ന മറുപടിയാണ് ലഭിച്ചത്. ടി ഗുണഭോക്താക്കളുമായി കരാർ ചമയ്ക്കുന്നതിന് മുദ്രപത്രം വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. കരാർ ചമച്ചിട്ടില്ല. ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ നടപടിക്രമങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-16 <u>ആശ്രയ അക്കൗണ്ടിൽ ഗണ്യമായ തുക ബാക്കി നില്ക്കുന്നത്.</u>

ആശ്രയപദ്ധതി ഒന്നാംഘട്ടം, രണ്ടാംഘട്ടങ്ങൾക്കായി ചലഞ്ച് ഫണ്ട്, പദ്ധതി വിഹിതം ഇനത്തിലെ തുകകൾ നിക്ഷേപിക്കുന്നതിനായി യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ മുണ്ടക്കയം ശാഖയിൽ ആരംഭിച്ച അക്കൗണ്ടുകളിൽ ചുവടെ ചേർക്കുംപ്രകാരം തുകകൾ ബാക്കി നിൽക്കുന്നു.

| അക്കൗണ്ട് നം. | 31-3-2018 ലെ തുക. | 3-1-2019 ലെ തുക. |
|---|---|---|
| 10733(ഒന്നാം ഘട്ടം) | 1834293/- | 1893673/- |
| 13129( രണ്ടാം ഘട്ടം) | 5215597/- | 5790842/- |
| ആകെ | 7049890/- | 7684515/- |

ചലഞ്ച് ഫണ്ട് , പ്ലാൻഫണ്ട് ഉൾപ്പെടെയുള്ള തുകകളാണ് ബാലൻസായിട്ടുള്ളത്. നിലവിൽ രണ്ട് ഘട്ടങ്ങളും അവസാനിക്കുകയും മൂന്നാംഘട്ടം പ്രോജക്ട് അംഗീകാരം ആയിട്ടുമില്ല.

അഗതിപുനരധിവാസത്തിനായുള്ള ഈ പദ്ധതി അടിയന്തിരമായി അംഗീകരിക്കപ്പെടുന്നതിനും , ബാക്കിനിൽക്കുന്ന തുക വിനിയോഗിച്ച് ഗുണഭോക്താക്കളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-17 ഗവ.ആയുർവേദ ഡിസ്പെൻസറി.എച്ച്.എം.സി -വരവുചെലവ് കണക്കുകളുടെ ഓഡിറ്റ്

മുണ്ടക്കയം ഗവ.ആയുർവേദ ഡിസ്പെൻസറി മാനേജിംഗ് കമ്മിറ്റിയുടെ 2017-18 വർഷത്തെ വരവുചെലവ് കണക്കുകൾ ഓഡിറ്റ് വേളയിൽ പരിശോധിക്കുകയുണ്ടായി.

വരവുചെലവ് സംക്ഷിപ്തം താഴെ ചേർക്കുന്നു.

മുന്നിരിപ്പ് : 530

വരവ് : 8792

ആകെ : 9322

ചെലവ് : 4597

നീക്കിയിരിപ്പ് : 4725

ഓഡിറ്റ് റിപ്പോർട്ട് പ്രത്യേകമായി പുറപ്പെടുവിക്കുന്നതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

പഞ്ചായത്തിന് 2017-18 വർഷം സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച ഫണ്ടിന്റെ വിശദാംശവും 31.03.2018 വരെയുള്ള ഫണ്ട് വിനിയോഗവും ചുവടെ ചേർത്തിരിക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക(രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 06.01.2018 | 250000 | പാലിയേറ്റീവ് കെയർ | 59799 | 190201 |
| ബ്ലോക്ക് പഞ്ചായത്ത് | 26.09.2017 | 100000 | പാൽ ഇൻസെന്റീവ് | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 27.10.2017 | 292857 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 171429 | 121428 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 06.01.2018 | 350000 | അംഗൻവാടിക്ക് സ്ഥലം വാങ്ങൽ | 0 | 350000 |
| ബ്ലോക്ക് പഞ്ചായത്ത് | | 2560000 | ലൈഫ് മിഷൻ ബ്ലോക്ക് ഷെയർ | 0 | 0 |
| ജില്ലാ പഞ്ചായത്ത് | 21.03.2018 | 3000000 | എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് | 0 | 3000000 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | മുൻകൂർ നൽകിയ തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഭൂജലവകുപ്പ് | 46625 | പുലിക്കുന്ന് മുളംകുന്ന് കുടിവെള്ളപദ്ധതിക്ക് കുഴൽകിണർ നിർമ്മാണം | 0 | 46625 |
| ഭൂജലവകുപ്പ് | 498685 | വിവിധ അങ്കവാടികൾക്ക് കുഴൽകിണർ നിർമ്മാണം | 0 | 498685 |
| മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എ | 200000 | അങ്കണവാടി നിർമാണം | 0 | 200000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് | 1078/10 തീ 26-3-2010 | 20967891 | 2953477 | 2096789+ 84689 (റിക്കവറി തുക അടച്ചത്) | - | 771999 |
| ആർ.ഡി.ബി | 1588/10 തീ 13-5-2010 | 4264248 | 1492492 | 426424 | - | 1066068 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 18517355 |
| തൻവർഷം നിക്ഷേപിച്ച തുക | 1006367 |
| ആകെ | 19523722 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 19523722 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| | തുക |
|---|---|
| കണ്ണിമല എസ്.സി.ബി. (എഫ്.ഡി.1) | 1089644 |
| കണ്ണിമല എസ്.സി.ബി. (എഫ്.ഡി 2) | 1088458 |
| എസ്.ബി.റ്റി, പുഞ്ചവയൽ (F D.3) | 1547340 |
| എസ്.സി.ബി, മുണ്ടക്കയം (F D.4) | 1451084 |
| എസ്.ബി.റ്റി, പുഞ്ചവയൽ (F D.5) | 2163698 |
| കണ്ണിമല എസ്.സി.ബി (F D.6) | 721332 |
| എസ്.സി.ബി, മുണ്ടക്കയം (F D.7) | 693916 |
| എസ്.സി.ബി, ഇഞ്ചിയാനി (F D.8) | 1535045 |
| എസ്.ബി.റ്റി, മുണ്ടക്കയം (F D.9) | 1428496 |
| യൂണിയൻ ബാങ്ക് മുണ്ടക്കയം (FD 10) | 1511381 |
| എസ്.ബി.റ്റി, പുഞ്ചവയൽ(FD 11) | 3575563 |
| ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്ക്,(F D 12) | 2000000 |
| എസ്.സി.ബി, ഇഞ്ചിയാനി(FD 13) | 717765 |

കുറിപ്പ് : FD1, FD2, FD6, FD13 എന്നീ സ്ഥിരനിക്ഷേപങ്ങളുടെ 31.03.2017ലെ നീക്കിയിരിപ്പ് തുക സ്ഥിരനിക്ഷേപരജിസ്റ്ററിൽ ചേർത്തിരുന്നത് കൃത്യമായിരുന്നില്ല. 2016-17 വർഷം ആർജ്ജിച്ച പലിശ രണ്ടുതവണ ക്രഡിറ്റ് ചെയ്തുകൊണ്ടാണ് ടി അപാകത സംഭവിച്ചത്. തന്മൂലം 31.03.2017ലെ സ്ഥിരനിക്ഷേപമൂല്യം സാംഖ്യയിൽ ചേർത്തിരുന്നത് തെറ്റാണ്. 31.03.2017ലെ ശരിയായ മൂല്യത്തോടുകൂടി 2017-18ൽ ആർജ്ജിച്ച പലിശ കൂട്ടി 31.03.2018ലെ മൂല്യം കണക്കാക്കിയാൽ സാംഖ്യയുമായി വ്യത്യാസം വരും. ആയത് ക്രമീകരിക്കേണ്ടതാണ്.

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം 52474 രൂപ വരവുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഒടുക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നം/ തീയതി |
|---|---|---|---|---|
| 2005-06 | 2-7(എ) | 10000 | തഹസിൽദാർ കാഞ്ഞിരപ്പള്ളി | 117020500002/05.04.2017 |
| 2005-06 | 2-7(എ) | 5000 | തഹസിൽദാർ കാഞ്ഞിരപ്പള്ളി | 117020500014/15.06.2017 |
| 2005-06 | 2-7(എ) | 5000 | തഹസിൽദാർ കാഞ്ഞിരപ്പള്ളി | 117020400003/25.07.2017 |
| 2005-06 | 2-7(എ) | 5000 | തഹസിൽദാർ കാഞ്ഞിരപ്പള്ളി | 117020400004/04.08.2017 |
| 2005-06 | 2-7(എ) | 5000 | തഹസിൽദാർ കാഞ്ഞിരപ്പള്ളി | 117020500038/06.10.2017 |
| 2005-06 | 2-7(എ) | 5000 | തഹസിൽദാർ കാഞ്ഞിരപ്പള്ളി | 117020500056/12.12.2017 |
| 2005-06 | 2-7(എ) | 5000 | തഹസിൽദാർ കാഞ്ഞിരപ്പള്ളി | 117020400017/15.01.2018 |
| 1999-2000 | 65 | 188 | എം.ജി. രാജു | 117020107612/30.01.18 |
| 1999-2000 | 50 | 125 | വിജയൻ | 117020107613/30.01.18 |
| 1999-2000 | 46 | 100 | സെക്രട്ടറി | 117020107614/30.01.18 |
| 1999-2000 | 23ബി | 71 | സെക്രട്ടറി | 117020107615/30.01.18 |

| | | | | |
|---|---|---|---|---|
| 1999-2000 | 23എ | 144 | സെക്രട്ടറി | 117020107616/30.01.18 |
| 1999-2000 | 30(1) | 96 | സെക്രട്ടറി | 117020107670/31.01.18 |
| 2007-08 | 3.3 | 700 | ആര്‍ ശ്രീകുമാര്‍ | 117020109530/05.03.18 |
| 1999-2000 | 25(ജി) | 150 | പി.എന്‍ ശാന്തകുമാരി | 117020109531/05.03.18 |
| 1999-2000 | 25(ജി) | 150 | ജെ. മീനാക്ഷി | 117020109532/05.03.18 |
| 1999-2000 | 25(ജി) | 150 | പി.ഇ. ഏലിയാമ്മ | 117020109533/05.03.18 |
| 1999-2000 | 25(ജി) | 150 | ഉഷാകുമാരി | 117020109534/05.03.18 |
| 1999-2000 | 25(ജി) | 150 | ജോജോ ജോസ് | 117020109535/05.03.18 |
| 1999-2000 | 35(ജി) | 150 | ജോയി ജോണ്‍ | 117020109536/05.03.18 |
| 1999-2000 | 35(ജി) | 150 | മേഴ്സികുട്ടി പി ജോണ്‍ | 117020109537/05.03.18 |
| 2005-06 | 2-7(എ) | 5000 | തഹസില്‍ദാര്‍ കാഞ്ഞിരപ്പള്ളി | 117020500103/13.03.18 |
| 2005-06 | 2-7(എ) | 5000 | തഹസില്‍ദാര്‍ കാഞ്ഞിരപ്പള്ളി | 117020500104/13.03.18 |
| ആകെ | | 52474 | | |

## 4-7 സമാഹൃത റിപ്പോര്‍ട്ടില്‍ ഉള്‍പ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വര്‍ഷം | ഖണ്ഡിക | സമാഹൃത റിപ്പോര്‍ട്ട് വര്‍ഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 ചെലവ് | 17 | 2000-01 | iv-5-2-9(ബി) | അങ്കണവാടികള്‍ക്ക് കെട്ടിടം പണിയല്‍-ധനദുര്‍വിനിയോഗം | നിയമസഭാസമിതി നിര്‍ദേശപ്രകാരം തുക തട്ടിക്കിഴിക്കാനാവുമോ എന്ന് പരിശോധിക്കുന്നതിലേക്ക് നിര്‍മ്മിച്ച കെട്ടിട ഭാഗങ്ങളുടെ എസ്റ്റിമേറ്റ് എടുക്കാന്‍ എന്‍ജിനീയറെ ചുമതലപ്പെടുത്തി. |
| 1997-98 ചെലവ് | 6 | 2000-01 | iv-29 (എ) | മലിനജല കനാല്‍ വൃത്തിയാക്കല്‍-വേലക്കൂലി നല്‍കല്‍ | തുക തിരികെയൊടുക്കിയത് ബഹു. നിയമസഭാ സമിതിയെ ബോദ്ധ്യപ്പെടുത്തി. |
| പൊതുപരാമര്‍ശം | | 2011-12 | 3-1-23 | കാര്‍ഷികപദ്ധതികളും കൃഷിഭവനം -പ്രവര്‍ത്തനാവലോകനം. | 17-6-15 ലെ തെളിവെടുപ്പ് യോഗത്തില്‍ സെക്രട്ടറി കൃഷി ഓഫീസര്‍ എന്നിവര്‍ റിപ്പോര്‍ട്ട് നല്‍കി. |
| പൊതുപരാമര്‍ശം | | 2011-12 | 3-1-6 | കൃഷിഭവനിലെ ഭൗതികസാഹചര്യം എന്ന പരാമര്‍ശം. | 27.5.15 ലെ തെളിവെടുപ്പ് യോഗത്തില്‍ റിപ്പോര്‍ട്ട് നല്‍കി. |
| 2009-10, 2010-11 | | 2011-12 | 3-1-19 | ഇടവിള കൃഷി പ്രോത്സാഹിപ്പിക്കല്‍ | 27.5.15 ലെ തെളിവെടുപ്പ് യോഗത്തില്‍ റിപ്പോര്‍ട്ട് നല്‍കി. |
| 2000-01 | 1എ,1ബി,2എ, 2ബി | 2004-05 | 3-5-4(1) | മത്സ്യമാര്‍ക്കറ്റ് കെട്ടിടം പണിയിലെ അപാകത. | തുക തിരികെയൊടുക്കുന്നതിന് കണ്‍വീനര്‍ക്ക് നോട്ടീസ് നല്‍കി. |

| | | | | | |
|---|---|---|---|---|---|
| 2004-05 ചെലവ് | 2-12 | 2006-07 | 3-32-1 | കേന്ദ്രാവിഷ്കൃത പദ്ധതി, എസ്.ജി.ആർ.വൈ ഭക്ഷ്യധാന്യ ദുർവിനിയോഗം. | വിജിലൻസ് കേസ് നിലനിൽക്കുന്നു. |
| 1999-2000 | 67,68 | 2002-03 | VII-5-5-1 | ടൗൺ ഷോപ്പിംഗ് കോംപ്ലക്സ് നിർമാണം -ഉയർന്ന നിരക്കിൽ സാധനം വാങ്ങിയതിലൂടെ പഞ്ചായത്ത് ഫണ്ടിന് നഷ്ടം. | അന്നത്തെ പഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് 40960/- രൂപ ഈടാക്കി. ബാക്കി തുക ഈടാക്കുന്നതിന് അസിസ്റ്റന്റ് എൻജിനീയർക്ക് നോട്ടീസ് നല്കി. |
| 99-2000,00-01,01-02 ജനകീയാസൂത്രണം. | 2-8 | 2004-05 | 3-5-1-4-2 | ടൗൺ ഷോപ്പിംഗ് കോംപ്ലക്സ് നിർമാണത്തിലെ അപാകത | എം.ബുക്ക്, ഫയൽ എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കണമെന്ന് അസിസ്റ്റന്റ് എൻജിനീയറെ അറിയിച്ചിട്ടുണ്ട്. |
| 98-99(ചെലവ്) | 18(എ.എഫ്) | 2003-04 | 3-5-4 | പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് കരാർ വ്യവസ്ഥയിൽ ചെയ്ത മരാമത്ത് പ്രവൃത്തികൾ | ബഹു.നിയമസഭാ സമിതിയുടെ നിർദേശാനുസരണം പരാമർശം ഒഴിവാക്കുന്നതിന് ലോക്കൽഫണ്ട് ഓഡിറ്റിന് 25.4.15ൽ അപേക്ഷ നല്കി. |

## 4-8 ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 15,91,77,800/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 13,26,34,477/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 25,898/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 66,98,352 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 12,833 | ശ്രീമതി ഗിരിജാകുമാരി അയ്യപ്പൻ, സെക്രട്ടറി |

| | | | |
|---|---|---|---|
| 3-10 | | 13,065 | ശ്രീ.അനിൽ ഡി.ജെ., അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 25,898 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 7,67,829 | ശ്രീമതി ഗിരിജാകുമാരി അയ്യപ്പൻ, സെക്രട്ടറി |
| 3-14 | 59,30,523 | ശ്രീമതി പദ്മിനിയമ്മ റ്റി.ആർ., ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| ആകെ | 66,98,352 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2-2, 2-3, 2-4, 2-5, 2-10

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഗിരിജാകുമാരി അയ്യപ്പൻ, സെക്രട്ടറി | സെക്രട്ടറി | കരോട്ടുവീട്ടിൽ ഇഞ്ചിയാനി പി.ഒ. പാറത്തോട് |
| ശ്രീ.അനിൽ ഡി.ജെ., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ | സ്നേഹഭവൻ (ABRA), മണ്ണന്തല പി.ഒ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 96-97(വരവ്) | കെഎസ്എ.കെടിഎം.പി 13/1613/16/12.06.17 | 1 |
| 97-98(വരവ്) | കെഎസ്എ.കെടിഎം.പി 13/1611/16/12.06.17 | 1 |
| 97-98(ചെലവ്) | കെഎസ്എ.കെടിഎം.പി-11/(അദാ.18)/196(1)/ 18/03.03.15 | 5 |
| 98-99 .ടി | കെഎസ്എ.കെടിഎം.പി-11/(അദാ.18)/196(2)/ 18/28.02.18 | 2 |

| | | |
|---|---|---|
| 98-99(വരവ്) | കെഎസ്എ.കെടിഎം.പി 13/1606/16/12.06.17 | 1 |
| 99-2000 | കെഎസ്എ.കെടിഎം.പി-11/(അദാ.18)/196(3)/ 18/28.02.18 | 27 |
| 2000-01 | കെഎസ്എ.കെടിഎം.പി-11/(അദാ.18)/196(4)/ 18/28.02.18 | 5 |
| 2001-02 | എൽ.എഫ്.കെ.പി.9/1044/08/30.6.09 | 11 |
| 2000-01&01-02 ജനകീയാസൂത്രണം | കെഎസ്എ.കെടിഎം.പി-13/1604/16/ 22.01.18 | 11 |
| 2002-03(വരവ്) | കെഎസ്എ.കെടിഎം.പി-11/(അദാ.18)/196(5)/ 18/28.02.18 | 2 |
| 2002-03(ചെലവ്) | കെഎസ്എ.കെടിഎം.പി-11/(അദാ.18)/196(6)/ 18/28.02.18 | 2 |
| 2003-04(ചെലവ്) | എൽ.എഫ്.കെ.പി9/81/07/06.11.07 | 33 |
| 2003-04(വരവ്) | എൽ.എഫ്.കെ.പി9/1046/08/06.07.09 /08.09.09 | 23 |
| 2004-05(വരവ്) | എൽ.എഫ്.കെ.പി9/827/08/3.3.10 | 23 |
| 2004-05(ചെലവ്) | എൽ.എഫ്.കെ.പി.1/190/അദാ./ഇ4/23.2.11 | 11 |
| 2005-06 | എൽ.എഫ്.കെ.പി9/1027/10/26.11.10 | 14 |
| 2006-07 | എൽ.എഫ്.കെ.പി9/552/14.5.12 | 19 |
| 2007-08 | എൽ.എഫ്.കെ.പി13/530/13/13.6.13 | - |
| 2008-09 | എൽ.എഫ്.കെ.പി13/530(1)/13/15.6.13 | 11 |
| 2009-10 | എൽ.എഫ്.കെ.പി.13/530(2)/13/15.6.13 | - |
| 10-11&11-12 | കെഎസ്എ.കെടിഎം.പി-11/(അദാ.18)/196(7)/ 18/28.02.18 | 10 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി.13/1609/16/ 07.6.17 | 11 |

| | | |
|---|---|---|
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി.13/537/16/21.02.16 | 10 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി.13/1456/16/ 30.05.17 | 11 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.13/974/17/16.08.17 | 19 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.11/1422/17/25.1.18 | 26 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം -1

## ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.കെ.ടി.എം.പി 11/190/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ : 0482564886

ഇ മെയിൽ : doktm.ksad@kerala.gov.in

തീയതി: 15.02.2019

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി

ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുണ്ടക്കയം ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷികധനകാര്യപത്രിക, വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം